ദി ഡിഫൻഡർ

Vol. No. 9 Issue No. 15 RNI Reg. No. 68089 / 97 Published From Perumbavoor 2006 AUGUST 1 Price: Rs.100/- P.A.


# കുളത്തൂപ്പുഴ സംഭവം: പ്രതി ടി.എസ്.ഏബ്രഹാം തന്നെ

കുപ്രസിദ്ധമായ കുളത്തൂപ്പുഴ സംഭവത്തിലെ പ്രതി ഐ.പി.സിയുടെ ജനറൽ പ്രസിഡന്റും ബൈബിൾ സൊസൈറ്റിയുടെ കേരള ഘടകം പ്രസിഡന്റുമായ ടി.എസ്.ഏബ്രഹാമാണെന്ന് രേഖകൾ തെളിയിക്കുന്നു. ടി.എസ്.ഏബ്രഹാമിന്റെ സെക്രട്ടറിയും ഐ.പി.സിക്കുവേണ്ടി കേസ്സുകൾ നടത്താൻ സഭാനേതൃത്വത്തിന്റെ അധികാരപത്രം ലഭിച്ച വ്യക്തിയുമായ പാസ്റ്റർ കെ.പി. കുര്യൻ 18-9-05ന് സഭാനേതാക്കൻമാർക്ക് കൊടുത്തതും നാളിതുവരെ അവർ രഹസ്യമാക്കി വെച്ചിരുന്നതുമായ കത്തിലാണ് വസ്തുതകൾ വിശദീകരിച്ചിട്ടുള്ളത്.

ടി.എസ്.ഏബ്രഹാം നടത്തുന്ന ഇന്ത്യാ ബൈബിൾ കോളേജിലെ വിദ്യാർത്ഥിയായിരുന്ന ഷീബ എന്ന കുളത്തൂപ്പുഴക്കാരി പെൺകുട്ടി അവിഹിതഗർഭം ധരിച്ചതുമായി ബന്ധപ്പെട്ടുണ്ടായ സംഭവങ്ങളാണ് കുളത്തൂപ്പുഴ സംഭവം എന്ന പേരിൽ കുപ്രസിദ്ധമായത്. ഹിന്ദുവിശ്വ, മസ്ദൂർ ഭാരതി എന്നീ പ്രസിദ്ധീകരണങ്ങളിൽ ഈ സംഭവം വാർത്തയായതോടെ ഡിഫെൻഡർ പ്രശ്നത്തിൽ ഇടപെട്ടു. സത്യം എന്തെന്ന് അന്വേഷിച്ച് ഡിഫെൻഡർ സഭാനേതാക്കൻമാർക്ക് അയച്ച കത്തുകൾക്ക് മറുപടി ലഭിച്ചില്ല. അതുകൊണ്ട് ഈ തിൻമയ്ക്കെതിരെ ഡിഫെൻഡർ എഴുതി. അതോടെ പെന്തക്കോസ്ത് നേതാക്കൻമാർ ഒന്നടങ്കം ഡിഫെൻഡറിനെതിരെ തിരിഞ്ഞു. എഡിറ്ററായ ടി.എസ്.ബാലനേയും കുടുംബത്തേയും തകർക്കാൻ പെന്തക്കോസ്ത് നേതാക്കൻമാർ അരയും തലയും മുറുക്കി രംഗത്തെത്തി.

ഐ.പി.സി. സംരക്ഷണ സമിതി എന്നൊരു പ്രസ്ഥാനം തന്നെ ടി.എസ്.ബാലനെതിരെ രൂപം കൊണ്ടു. പാസ്റ്റർ കെ.പി. കുര്യനായിരുന്നു ഈ സംഘടനയുടെ പ്രസിഡന്റ്. പാസ്റ്റർ ഏബ്രഹാം ഷാജി സെക്രട്ടറിയും. സഭാനേതാക്കൻമാരുടെ ഒത്താശയോടെ ഇവർ ടി.എസ്.ബാലനെതിരെ വിവിധ കോടതികൾ കേസ്സ് കൊടുത്തു. ഐ.പി.സിക്കുവേണ്ടി



വ്യഭിചാരത്തിന്റെ അപ്പോസ്തലൻ

കേസ്സുകൾ നടത്താൻ സഭാനേതൃത്വം കെ.പി.കുര്യനെ ചുമതലപ്പെടുത്തുകയും ചെയ്തു.

ബാലനെതിരെ സഭാനേതൃത്വം പല പത്രങ്ങളും ഇറക്കുകയുണ്ടായി. ഡിഫെൻഡറിന് രണ്ടുവട്ടം ഡ്യൂപ്ലിക്കേറ്റുകൾ ഇറക്കുകയും ചെയ്തു. ബാലനും കുടുംബത്തിനും എതിരേ ഒട്ടേറെ അപവാദങ്ങൾ സഭാനേതാക്കൻമാർ പ്രചരിപ്പിക്കയും ചെയ്തു. പക്ഷേ ഇതുകൊണ്ടൊന്നും ഡിഫെൻഡർ ഒതുങ്ങിയില്ല. പത്തൊൻപതാമത്തെ അടവ് എന്ന നിലയിലാണ് ടി.എസ്.ഏബ്രഹാം ബാലനും മകനും എതിരെ ഇന്റർനെറ്റ് കേസ്സ് കെട്ടിച്ചമച്ചുണ്ടാക്കിയത്. ഇന്ത്യയെ സുവിശേഷീകരിക്കാനെന്ന പേരിൽ വിദേശത്തു നിന്നും പിരിച്ചെടുത്ത ലക്ഷക്കണക്കിനു രൂപ ഇതിനായി ടി.എസ്. ഏബ്രഹാം ചെലവാക്കുകയും ചെയ്തു. അങ്ങനെ ബാലൻ ശിക്ഷിക്കപ്പെട്ടു. (വിശദ വിവരങ്ങൾ ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ എഴുതിയിരുന്നല്ലോ).

ശിക്ഷിക്കപ്പെട്ടതോടെ ബാലൻ ഒതുങ്ങും എന്നായിരുന്നു ടി.എസ്.ഏബ്രഹാമിന്റെ പ്രതീക്ഷ. പക്ഷേ കോടതി ശിക്ഷ സസ്പെന്റ് ചെയ്യുകയും പ്രതികൾക്ക് ജാമ്യം അനുവദിക്കയും ചെയ്തതോടെ ടി.എസ്.ഏബ്രഹാമും കൂട്ടരും നിരാശയിലായി. നീതി ലഭിക്കാനായി ബാലൻ സുപ്രീം കോടതി വരെ പോകുമെന്നറിഞ്ഞതോടെ സഭാനേതാക്കൻമാർക്ക് ഉറക്കം നഷ്ടപ്പെട്ടിരിക്കയാണ്.

കേസ്സിൽ തോറ്റതോടെ ബാലൻ ഡിഫെൻഡർ നിർത്തും എന്നായിരുന്നു ടി.എസ്.ഏബ്രഹാമിന്റെ പ്രതീക്ഷ. പക്ഷേ ഡിഫെൻഡർ ഇപ്പോൾ ഇരട്ടി ശക്തിയിൽ പ്രതികരിക്കയാണ്. പെന്തക്കോസ്ത് നേതാക്കൻമാരുടെ തട്ടിപ്പുകൾ പുറത്തു കൊണ്ടുവരിക എന്നത് ലക്ഷ്യമായി ഏറ്റെടുത്ത് ഡിഫെൻഡർ മുൻപോട്ടുപോകുന്നു. അതിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിലാണ് കുളത്തൂപ്പുഴ സംഭവത്തിന്റെ ഉള്ളുകള്ളികൾ ഡിഫെൻഡർ കണ്ടെത്തിയത്.

കെ.പി.കുര്യനും ഏബ്രഹാം ഷാജിയും ടി.എസ്.ബാലനെതിരെ യുദ്ധം പ്രഖ്യാപിക്കുകയും ടി.എസ്.ഏബ്രഹാമിനെ സംരക്ഷിക്കാൻ കച്ചകെട്ടി ഇറങ്ങുകയും ചെയ്തെങ്കിലും ഏറെ താമസിയാതെ അവർക്ക് സത്യം ബോദ്ധ്യമായി. ഡിഫെൻഡർ എഴുതിയതെല്ലാം സത്യമാണെന്ന് അവർ കണ്ടെത്തി. മാത്രമല്ല, സംഭവത്തിന്റെ ചെറിയൊരു അംശം മാത്രമേ ഡിഫെൻഡർ അറിഞ്ഞിട്ടുള്ളു എന്നും അവർക്ക് മനസ്സിലായി. അതോടെ അവരുടെ ആവേശം ചോർന്നു. ബാലനെതിരെ കൊടുത്ത കേസ്സുകൾ പിൻവലിച്ചു.

ടി.എസ്. ഏബ്രഹാമിന്റെ കൊള്ളരുതായ്മകൾ ഗ്രഹിച്ചതിനുശേഷം കെ.പി.കുര്യനും ഏബ്രഹാം ഷാജിയും ബാലനെതിരെയുള്ള പോരാട്ടത്തിന്റെ ശക്തി കുറച്ചു. അത് ടി.എസ്. ഏബ്രഹാമിന് രസിച്ചില്ല. ക്രമേണ അവർ ടി.എസ്.ഏബ്രഹാമിനോട് അകന്നു. അതിന്റെ ഫലം അവർ അനുഭവിക്കയും ചെയ്തു.

കുളത്തൂപ്പുഴക്കാരി ഷീബയുടെ അവിഹിത ഗർഭത്തിന് ഉത്തരവാദി ടി.എസ്.ഏബ്രഹാമാണെന്നും വ്യഭിചാരിയായ ടി.എസ്.ഏബ്രഹാമിനെതിരെ നടപടി എടുക്കണമെന്നും കാണിച്ച് കെ.പി.കുര്യൻ സഭാനേതൃത്വത്തിന് കത്തുകൊടുത്തു. നേതാക്കൻമാർ എന്തു തെറ്റു ചെയ്താലും അതിന് ശിക്ഷയോ വിചാരണപോലുമോ ഉണ്ടാകുകയില്ല. ഈ പ്രശ്നത്തിലും അതുതന്നെ സംഭവിച്ചു. കുര്യൻ കൊടുത്ത കത്ത് സഭാനേതൃത്വം പരിഗണനയ്ക്കെടുക്കുകപോലും ചെയ്തില്ല. മാത്രമല്ല, കുര്യനെ എങ്ങനെയെങ്കിലും സഭയിൽ നിന്നും പുറത്താക്കാൻ അവർ തീരുമാനിക്കയും ചെയ്തു. ഏറെ താമസിയാതെ അതിനുള്ള അവസരമുണ്ടായി.

കഴിഞ്ഞ വർഷം നടന്ന കുമ്പനാട് കൺവെൻഷനിൽ ഭക്ഷണം നൽകിയത് കെ.പി.കുര്യനായിരുന്നു. ആ വകയിൽ രണ്ടു ലക്ഷത്തിലധികം രൂപ ലഭിക്കാനുമുണ്ടായിരുന്നു. അത് കിട്ടിയേ പറ്റൂ എന്ന് കുര്യൻ ശാഠ്യം പിടിച്ചത് ടി.എസ്.ഏബ്രഹാമിന് രസിച്ചില്ല. അതോടെ കുര്യനെ സഭയിൽ നിന്നും പുറത്താക്കി. കുര്യൻ പാസ്റ്ററായിരിക്കുന്ന ആമല്ലൂർ ഐ.പി.സി. സഭയിൽ നടന്ന ഒരു സുവിശേഷ യോഗത്തിൽ പ്രസംഗിച്ചു എന്ന മഹാപാപത്തിന് ഏബ്രഹാം ഷാജിക്കെതിരേയും നടപടിയെടുത്തു.

എല്ലാം ശുഭമായി പര്യവസാനിച്ചു എന്ന് ടി.എസ്.ഏബ്രഹാമും കൂട്ടരും കരുതിയെങ്കിലും സത്യത്തെ കുഴിച്ചു മൂടാനാവില്ല എന്ന വസ്തുത അവർ മറന്നു. കുളത്തൂപ്പുഴ സംഭവത്തേക്കുറിച്ച് വിവരിച്ചുകൊണ്ട് കുര്യൻ സഭാനേതാക്കൻമാർക്ക് കൊടുത്ത കത്ത് അവർ അതീവ രഹസ്യമാക്കി വെച്ചെങ്കിലും സത്യം പുറത്തു വരണമെന്ന് ആഗ്രഹമുള്ള ഒരാൾ ഈ കത്തിന്റെ ഒരു ഫോട്ടോ കോപ്പി ഡിഫെൻഡറിന് കൈമാറി. അങ്ങനെയാണ് ഇപ്പോൾ ഈ സത്യം പുറത്തു വരുന്നത്. (കത്തിന്റെ കോപ്പി 3-ാം പേജിൽ)

ഐ.പി.സിയിലെ നേതാക്കൻമാരിൽ ഭൂരിപക്ഷവും വ്യഭിചാരികളാണ്. പക്ഷേ അതല്ല ബൈബിൾ സൊസൈറ്റിയുടെ സ്ഥിതി. അതുകൊണ്ട് ഒരു വ്യഭിചാരിയെ പ്രസിഡന്റായി വേണോ എന്ന് ബൈബിൾ സൊസൈറ്റി തീരുമാനിക്കട്ടെ.

# കള്ളക്കഥകളുമായി സുരേഷ് വീണ്ടും രംഗത്ത്

കള്ളക്കഥകളുമായി സുരേഷ് ബാബു വീണ്ടും രംഗത്ത് എത്തിയിരിക്കുന്നു. ഇത്തവണ ഇന്റർനെറ്റിലൂടെയാണ് ഭോഷ്ക്കു പറയുന്നത്.

torchoftruthindia.org എന്നൊരു വെബ്സൈറ്റ് സുരേഷ് ബാബു തുടങ്ങിയിട്ടുണ്ട്. ഈ സൈറ്റിലാണ് പച്ചക്കള്ളം അടിച്ചുവിട്ടിരിക്കുന്നത്.

മദ്രാസ് ഐ.ഐ.ടിയിൽ നിന്ന് ബി.ടെക് പാസ്സായ ആളാണ് താൻ എന്ന് സുരേഷ് ആദ്യകാലങ്ങളിൽ പ്രസംഗിച്ചിരുന്നു. പക്ഷേ സുരേഷ് ഐ.ഐ.ടിയിൽ പഠിച്ചിട്ടില്ല എന്ന് ഐ.ഐ.ടി. അധികൃതർ വ്യക്തമാക്കിയതോടെ ബി.ടെക്. കഥ പറയുന്നത് നിർത്തിയിരുന്നു. പക്ഷേ താൻ എഞ്ചിനീയറാണ് എന്നത്രേ സുരേഷ് വെബ്സൈറ്റിൽ എഴുതിവിട്ടിരിക്കുന്നത്.

സുരേഷ് സുവിശേഷ പ്രസംഗത്തിനിറങ്ങിയ കഥ വെബ്സൈറ്റിൽ പറയുന്നത് ഇപ്രകാരമാണ്: In the year 1990, after finishing his engineering, Bro. Suresh Babu recognized his calling and started ministry as an evangelist. എഞ്ചിനീയറിംഗ് കഴിഞ്ഞശേഷം സുവിശേഷ വേലയ്ക്കിറങ്ങി എന്നാണ് അവകാശവാദം. ശുദ്ധ കള്ളമാണിത്. എ.എം.ഐ.ഇയ്ക്ക് പഠിക്കാനായി കുറച്ചുകാലം കോയമ്പത്തൂരിൽ താമസിച്ചു എന്നല്ലാതെ ഐ.റ്റി.ഐ. പോലും സുരേഷ് ബാബു പാസ്സായിട്ടില്ല. സുരേഷിന്റെ ഏറ്റവും ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഒരുവട്ടം തോറ്റു ജയിച്ച പ്രീഡിഗ്രിയാണ്. കള്ളം പറയുക എന്നത് സ്വഭാവത്തിന്റെ ഭാഗമാക്കിയ വ്യക്തിയാണ് സുരേഷ്. അതുകൊണ്ട് കള്ളം പറയാതെ ജീവിക്കാൻ സുരേഷ് ബാബുവിന് കഴിയുകയില്ല.



സുരേഷ് ബാബുവിനും കുടുംബത്തിനും ദിനകരന്റെ അനുഗ്രഹം
(ഈനാംപേച്ചിക്ക് മരപ്പട്ടി കൂട്ട്)

വെബ്സൈറ്റിലൂടെ സുരേഷ് ഒട്ടേറെ കള്ളങ്ങൾ പറയുന്നുണ്ട്. സുരേഷിന്റെ തട്ടിപ്പുകളേക്കുറിച്ച് അറിഞ്ഞുകൂടാത്ത വിദേശികളെ കബളിപ്പിക്കയാണ് ലക്ഷ്യം. ഈ വിഷയവുമായി ബന്ധപ്പെട്ട വിശദമായ ലേഖനം ഏഴാം പേജിൽ.

ദി ഡിഫെൻഡർ

Vol. No.9 Issue No. 15 2006 August 1

# ഇടയൻമാർക്ക് വഴിതെറ്റിയാൽ

ആടുകളെ ശരിയായ വഴിയിൽ നടത്താൻ കടപ്പെട്ടവരാണ് ഇടയൻമാർ. പക്ഷേ ഇടയൻമാർക്ക് വഴി തെറ്റിയാൽ ആടുകളുടെ ഗതി എന്താകും? ന്യൂനപക്ഷ അവകാശത്തിന്റെ മറവിൽ ഇടയലേഖനം ഇറക്കിയവർ ആടുകളെ വഴി തെറ്റിക്കുകയാണ് ചെയ്തത് എന്ന് പറയാതെവയ്യ.

ന്യൂനപക്ഷങ്ങൾക്ക് ഇന്ത്യൻ ഭരണഘടന ചില അവകാശങ്ങളൊക്കെ നൽകിയിട്ടുണ്ടെന്നത് ശരിതന്നെ. ഭൂരിപക്ഷത്തിനു ലഭിക്കാത്ത എന്തെങ്കിലുമൊക്കെ നൽകുകയല്ല മറിച്ച് ഭൂരിപക്ഷത്തിനു ലഭിക്കുന്നത് ന്യൂനപക്ഷത്തിനു ലഭിക്കാതെപോയി എന്നു വരാതിരിക്കാനാണ് ഭരണഘടനയിൽ ഈ അവകാശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ ഭൂരിപക്ഷത്തിന് ലഭിക്കാത്ത ഒരു അവകാശവും ന്യൂനപക്ഷത്തിനില്ല. ഈ വസ്തുത മനസ്സിലാക്കാതെയാണ് ന്യൂനപക്ഷാവകാശത്തിന്റെ പേരിൽ മതമേലദ്ധ്യക്ഷൻമാർ കോലാഹലമുണ്ടാക്കുന്നത്.

ന്യൂനപക്ഷാവകാശമെന്നത് എന്തും ചെയ്യാനുള്ള അവകാശമല്ല. എണ്ണത്തിൽ കുറവായിപ്പോയി എന്നതുകൊണ്ട് ന്യൂനപക്ഷങ്ങൾക്ക് നഷ്ടമാകാൻ ഇടയുള്ള അവകാശങ്ങൾ സംരക്ഷിക്കാൻ ഭരണഘടന നൽകുന്ന അധികാരമാണിത്. മതമേലദ്ധ്യക്ഷൻമാർക്ക് ഇഷ്ടംപോലെ ഉപയോഗിക്കാനുള്ളതല്ല ന്യൂനപക്ഷാവകാശം.

വൻതുക ഫീസായി വാങ്ങാനും ഇഷ്ടംപോലെ തലവരിപ്പണം പിരിക്കാനും സഭാനേതാക്കൻമാർക്ക് സ്വാതന്ത്ര്യം ലഭിച്ചാൽ മാത്രമേ ന്യൂനപക്ഷത്തിന് സംരക്ഷണമുണ്ടാകൂ എന്ന നിലപാട് അപഹാസ്യമാണ്. ന്യൂനപക്ഷ സമുദായങ്ങളിലെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ താല്പര്യങ്ങളല്ല മറിച്ച് സമ്പന്നരുടെ താല്പര്യങ്ങളാണ് സഭാനേതാക്കൻമാർ സംരക്ഷിക്കാൻ പാടുപെടുന്നതെന്ന് വ്യക്തം. തിരുവായ്ക്ക് എതിർവായ് ഇല്ലാത്തതുകൊണ്ട് പാവപ്പെട്ടവർ എല്ലാം സഹിക്കുന്നു.

അങ്കമാലിയിലെ കല്ലറയിൽ സത്യപ്രതിജ്ഞ ചെയ്തതുകൊണ്ട് വിശേഷിച്ച് എന്തെങ്കിലും ഗുണം ഉണ്ടെന്നു തോന്നുന്നില്ല. 1959 അല്ല 2006. അതിനിടയിൽ പെരിയാറിലൂടെ ഏറെ വെള്ളം ഒഴുകിക്കഴിഞ്ഞു. മറ്റൊരു വിമോചനസമരമാണ് സഭാനേതാക്കൻമാർ സ്വപ്നം കാണുന്നതെങ്കിൽ ആ പൂതി സ്വപ്നമായി അവശേഷിക്കയേയുള്ളൂ. പാവപ്പെട്ടവന്റെ മക്കൾക്കും പ്രൊഫഷണൽ വിദ്യാഭ്യാസം സാദ്ധ്യമാകണം. അതിന് സഹായകമായ നിയമങ്ങൾ ഉണ്ടാകുമ്പോൾ സർക്കാരിനെ ന്യൂനപക്ഷ അവകാശമെന്ന ഉമ്മാക്കി കാട്ടി വിരട്ടാമെന്ന മോഹം വെറും വ്യാമോഹം മാത്രമായി അവശേഷിക്കും.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

സ്വാശ്രയ പ്രശ്നത്തിൽ ഹൈക്കോടതിയിൽ നിന്നുണ്ടായ വിധി സർക്കാരിന് തിരിച്ചടിയായി എന്നതിൽ സംശയമില്ല. സ്വകാര്യ മാനേജ്മെന്റുകൾക്ക് ചെറിയ തോതിലെങ്കിലും വിജയം ആഘോഷിക്കാം. എങ്കിലും നിയമം നിർമ്മിക്കാനുള്ള അധികാരം സർക്കാരിനുള്ളതുകൊണ്ട് ഏതു കോടതിവിധിയേയും മറികടക്കാനും മാനേജ്മെന്റുകളെ വരച്ച വരയിൽ നിർത്താനും സർക്കാരിന് കഴിയും.

ശബരിമലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഈയിടെയായി ഏറെ വാർത്താ പ്രാധാന്യം നേടിക്കൊണ്ടിരിക്കയാണ്. ശ്രീകോവിലിൽ സ്ത്രീ കയറി എന്നായിരുന്നു അടുത്ത ദിവസം വരെ കേട്ടിരുന്നത്. ഇപ്പോഴിതാ തന്ത്രിയുടെ ഉള്ളിൽ സ്ത്രീ കയറി എന്നൊരു വിവാദം ഉണ്ടായിരിക്കുന്നു. സംഗതി അത്യുഗ്രൻ ഗൂഢാലോചനയുടെ ഭാഗമാണെന്ന് തന്ത്രി ആണയിടുന്നുണ്ടെങ്കിലും സ്ത്രീകൾ മാത്രം താമസിക്കുന്ന ഫ്ളാറ്റിൽ തന്ത്രി എന്തിന് നിത്യസന്ദർശകനായി എന്ന ചോദ്യത്തിന് വിശദീകരണമില്ല. കോടിക്കണക്കിനു ഭക്തജനങ്ങളുടെ വികാരത്തെ വ്രണപ്പെടുത്തുന്ന പ്രശ്നമാകയാൽ "പിള്ളാരല്ലേ, പിണ്ണാക്കല്ലേ" എന്ന ന്യായം പറഞ്ഞ് അവഗണിക്കാനും പറ്റില്ല. സത്യം എന്നെങ്കിലും പുറത്തുവരും എന്ന പ്രതീക്ഷയിൽ കാത്തിരിക്കുകയേ നിവർത്തിയുള്ളൂ.

എസ്.എഫ്.ഐക്കാർ നടത്തിയതെന്ന് നാട്ടുകാരും എസ്.എഫ്.ഐയുമായി ബന്ധമില്ലാത്തവർ നടത്തിയതെന്ന് എസ്.എഫ്.ഐക്കാരും പറയുന്ന അക്രമങ്ങൾ എസ്.എഫ്.ഐക്ക് നാണക്കേടുണ്ടാക്കി എന്നത് ഒരു വസ്തുതയാണ്. അതിന്റെ പേരിൽ എസ്.എഫ്.ഐ. നേതാക്കൻമാരെ സി.പി.എം. ശാസിച്ചു എന്ന് ഒരു അപ്പോക്രീഫാ കഥയുമുണ്ട്. അങ്ങനെയൊരു ശാസിക്കൽ ഉണ്ടായിട്ടില്ലെന്നും ശാസിക്കണമെന്ന് സി.പി.എം. തീരുമാനിച്ചാലും അത് നടക്കില്ലെന്നും ഒക്കെ എസ്.എഫ്.ഐ. നേതാക്കൻമാർ പറയുന്നുണ്ടെങ്കിലും എന്തൊക്കെയോ നാടകങ്ങൾ അണിയറയിൽ നടന്നു എന്ന രഹസ്യം പൊതുജനം അറിഞ്ഞുകഴിഞ്ഞു. അതുകൊണ്ട് ഇനിയെങ്കിലും ഇത്തരം അക്രമസമരങ്ങൾ നടത്തി ദുഷ്പേരുണ്ടാക്കാതിരുന്നാൽ നന്ന്.

എ.ഐ.എസ്.എഫ്. ഇങ്ങനെ തുടങ്ങിയാൽ എന്തു ചെയ്യും? വല്യേട്ടനെ ബഹുമാനിക്കുന്നതുപോലെ വല്യേട്ടന്റെ ശിങ്കിടിയേയും ബഹുമാനിക്കേണ്ടതല്ലേ? സ്വാശ്രയ പ്രശ്നത്തിന്റെ നീതിയും ന്യായവും എന്തുതന്നെ ആയാലും കൊമ്പൻ പോകുന്ന വഴിയേ മോഴയും പോകേണ്ടതല്ലേ?

ആരു ഭരിച്ചാലും പോലീസിന്റെ സ്വഭാവം മാറില്ലെന്ന് വീണ്ടും തെളിയുന്നു. ലോക്കപ്പ് മർദ്ദനവും അനുബന്ധ പ്രശ്നങ്ങളും അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ലോക്കപ്പ് മരണങ്ങൾ ഉണ്ടായപ്പോൾ എൽ.ഡി.എഫ്. ബഹളം കൂട്ടി. അന്ന് എൽ.ഡി.എഫ്. പറഞ്ഞതൊക്കെ ഇപ്പോൾ യു.ഡി.എഫ്. പറയുന്നു. മറുപടി പറയാനാകാതെ സർക്കാർ മിഴിച്ചു നിൽക്കുന്നു.

ഇടിയുടെ കാര്യത്തിൽ വനിതാപോലീസും മോശമല്ലെന്ന് തെളിഞ്ഞിരിക്കുന്നു. വിവാഹ നിശ്ചയം കഴിഞ്ഞ പെൺകുട്ടിയെ വെറും സംശയത്തിന്റെ പേരിൽ തല്ലി ചതച്ചിരിക്കുന്നു. കുറ്റവാളിയെ കണ്ടെത്താൻ തല്ലിനോളം നല്ല വിദ്യ വേറെയില്ല എന്ന് നമ്മുടെ പോലീസ് ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും വിശ്വസിക്കുന്നത് കഷ്ടമല്ലേ.

പോലീസുകാരിലും നീതിബോധമുള്ളവരുണ്ട് എന്ന് പറയാതെവയ്യ. സിബി മാത്യു അത്തരത്തിലുള്ള ആളാണ്. അദ്ദേഹത്തിന് ഇപ്പോൾ ലഭിച്ചിരിക്കുന്ന പദവി നാടിന് ഗുണം ചെയ്യും. എൽ.ഡി.എഫ്. സർക്കാരിന് ശ്രേയസ്സുണ്ടാക്കും. അഴിമതിക്കാരുടെ ഉറക്കം കെടുത്തും. പക്ഷേ അനാവശ്യ രാഷ്ട്രീയ ഇടപെടൽ ഉണ്ടാകാതെ സൂക്ഷിക്കണമെന്നു മാത്രം. പിടിക്കപ്പെടുന്നത് ഭരണപക്ഷത്തുള്ളവരാണെങ്കിൽ പോലും നീതി നടക്കാൻ അനുവദിക്കണം.

പട്ടിയും മന്ത്രിയുമായി എന്തുബന്ധം? വിശേഷിച്ച് എന്തെങ്കിലും ബന്ധമുള്ളതായി അറിവില്ല. ഒട്ടേറെ വ്യത്യാസങ്ങളുണ്ടുതാനും. എന്നിട്ടും ഒരു മന്ത്രിയുടെ നാവിൻതുമ്പിൽ പട്ടി നൃത്തം ചവിട്ടുകയാണ്. പട്ടിയുടെ കഴുത്തിൽ ഐ.എ.എസ്സ്. എന്ന് എഴുതി തൂക്കിയതുകൊണ്ട് പട്ടി ഐ.എ.എസ്സുകാരനാകയില്ല എന്ന മഹത്തായ കണ്ടുപിടുത്തം നടത്തിയത് ഈ മന്ത്രിയാണ്. പത്രക്കാരോ പട്ടികളോ കുരച്ചതുകൊണ്ട് താൻ പേടിക്കയില്ല എന്നും മന്ത്രി വ്യക്തമാക്കിയിരിക്കുന്നു. മന്ത്രി ഇത്ര ധൈര്യമുള്ളവനാണെന്ന് ഇപ്പോഴല്ലേ മനസ്സിലായത്. പട്ടിയുമായി ബന്ധപ്പെട്ട് ഇനിയും ഒട്ടേറെ കാര്യങ്ങൾ മന്ത്രി പറയാൻ ഇടയുണ്ട്. പട്ടിയുടെ വാല്, പട്ടിയുടെ കുര, പട്ടിയുടെ നടപ്പ്, പട്ടിയുടെ ഇഷ്ടഭോജ്യം തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഉണ്ടല്ലോ. ഒന്നും വിടരുത്. ഒടുവിൽ ഒരു പട്ടിവികസന കോർപ്പറേഷനും ഉണ്ടാക്കണം. അതിന്റെ വകയായി പട്ടിശ്രീ എന്നൊരു അവാർഡും ഏർപ്പെടുത്തണം. കേരളത്തിന്റെ ദേശീയ മൃഗമായി പട്ടിയെ പ്രഖ്യാപിക്കാൻ കഴിയുമോ എന്നും പരിശോധിക്കണം. മേനാകാഗാന്ധിയുടെ സഹായം ഈ വിഷയത്തിൽ കിട്ടുകയും ചെയ്യും.

ജോസഫ് ഗ്രൂപ്പ് പിളരാൻ പോകുകയാണോ? ആണെന്നും അല്ലെന്നും പറയാം. നാളെയാണ് നാളെ എന്ന പരുവത്തിൽ പിളർപ്പ് അനന്തമായി നീണ്ടുപോകുന്നതിൽ മാത്രമേ ദു:ഖമുള്ളൂ. അതുകൊണ്ട് മാന്യ പിളർപ്പുകാരോട് ഒരു അപേക്ഷ: എത്രയും വേഗം പിളർന്ന് ഈ ടെൻഷൻ ഒന്ന് ഒഴിവാക്കിത്തരണം.

ഡി.ഐ.സിയും പിളർപ്പിന്റെ വക്കിലാണത്രേ. ടി.എം. ജേക്കബ്ബും ജോണി നെല്ലൂരും പിളർന്നു മാറി പഴയ കെ.കോയ്ക്ക് പുനർജൻമം കൊടുക്കുമത്രേ. ജേക്കബ്ബിന്റെ ലയനം ഇങ്ങനെയൊക്കെയാകും അവസാനിക്കുക എന്ന് സാമാന്യ ബുദ്ധിയുള്ളവരൊക്കെ ഊഹിച്ചിരുന്നതാണ്. ഇടയ്ക്കൊക്കെ പിളരാതെ കെ.കോക്കാർക്ക് ജീവിക്കാനാവുമോ? പിളർപ്പ് ഇത്ര താമസിച്ചതിലേ അത്ഭുതമുള്ളൂ.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.

ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്

ബസ്റ്റ് കോംപ്ലക്സ്

കെ.എസ്.ആർ.ടി.സിക്ക് സമീപം

പെരുമ്പാവൂർ. ഫോൺ : 0484-3232356, 9447414608

# ഒടുവിൽ സത്യം പുറത്തായി

കുളത്തൂപ്പുഴ സംഭവത്തിലെ പ്രതി ടി.എസ്.ഏബ്രഹാമാണെന്ന സത്യം പറഞ്ഞതിന് ഡിഫെൻഡർ എഡിറ്ററായ ടി.എസ്.ബാലനെ ഐ.പി.സി. നേതാക്കൻമാരും ഭൂരിപക്ഷം വിശ്വാസികളും വേട്ടയാടുകയായിരുന്നു. പക്ഷേ ബാലനെതിരെയുള്ള പോരാട്ടത്തിന് നേതൃത്വം കൊടുത്ത പാസ്റ്റർ കെ.പി. കുര്യൻ തന്നെ ഇപ്പോൾ സത്യം തുറന്നു പറഞ്ഞിരിക്കുന്നു. ഡിഫൻഡർ പറഞ്ഞത് സത്യമാണെന്ന് വെളിപ്പെടുത്തുകയും ചെയ്യുന്നു.

കുളത്തൂപ്പുഴക്കാരി ഷീബ പറഞ്ഞതായി കുര്യൻ വെളിപ്പെടുത്തുന്ന കാര്യങ്ങൾ അതീവ ഗൗരവമുള്ളതാണ്:

ഞാൻ ഇന്ത്യാ ബൈബിൾ കോളേജിൽ പഠിക്കുകയും പഠനാനന്തരം എന്നെ വാർഡനായി നിയമിക്കുകയും ചെയ്തു. ടി.എസ്.ഏബ്രഹാമുമായി പലപ്പോഴും ശാരീരിക ബന്ധത്തിൽ ഏർപ്പെട്ടിരുന്നു. ചില മാസങ്ങൾ കഴിഞ്ഞപ്പോൾ തലകറക്കവും ഛർദ്ദിയും നിമിത്തം ഐ.ബി.സിയിൽ പഠിക്കുന്ന ഒരു കുട്ടിയേയും കൂട്ടി കുമ്പനാട് ഫെല്ലോഷിപ്പ് ആശുപത്രിയിൽ പോയി. പരിശോധനയിൽ ഞാൻ ഗർഭിണിയാണെന്നുള്ള ഞെട്ടിക്കുന്ന വിവരം അറിയുകയും ആ വിവരം ഞാൻ ടി.എസ്.ഏബ്രഹാമിനെ അറിയിക്കയും ചെയ്തു. അന്നു വൈകിട്ട് 7.30 മണിയായപ്പോൾ കോഴഞ്ചേരി മോനച്ചനും ടി.എസ്.ഏബ്രഹാമിന്റെ മകൾ മോളിയുംകൂടി എന്നെ ഒരു മുറിയിൽ കൊണ്ടുപോയി ഭീഷണിപ്പെടുത്തി ബലമായി ടി.എസ്.ഏബ്രഹാം അല്ല ഇതിന്റെ ഉത്തരവാദി എന്ന് എഴുതി വാങ്ങിയിട്ടുള്ളതാണ്. എന്റെ അമ്മാച്ചനെ വരുത്തി ഈ വിവരം വെളിയിൽ ആരോടെങ്കിലും പറഞ്ഞാൽ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തിയിട്ടുള്ളതുമാണ്.

ഈ പറഞ്ഞതൊക്കെ ശരിയാണോ എന്ന് അന്വേഷിക്കാൻ സഭാനേതാക്കൾ തയ്യാറായില്ല. കാരണം ഇതെല്ലാം സത്യമാണെന്ന് അവർക്കറിയാമായിരുന്നു. ഇത്ര നീചനായ ഒരാളെ സഭയുടെ തലപ്പത്തു വച്ചുകൊണ്ടിരിക്കുവാൻ നേതാക്കൻമാർക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല. എന്താ കാരണം? പാപം ചെയ്യാത്തവർ കല്ലെറിയട്ടെ എന്ന വചനം തന്നെ. ഐ.പി.സിയിലെ നേതാക്കൻമാരെല്ലാം വ്യഭിചാരികളാണ്. അതുകൊണ്ട് ടി.എസ്.ഏബ്രഹാമിനെതിരെ നടപടി എടുക്കാൻ അവർ ധൈര്യമുണ്ടാകുന്നില്ല.

കുളത്തൂപ്പുഴ സംഭവം ആരൊക്കെ അറിഞ്ഞിരുന്നു? കുര്യൻ പറയുന്നു: ''കോഴഞ്ചേരി മോനച്ചൻ ഡോ. ജോർജ് തോമസിനോട് ഷീബയുടെ ഗർഭത്തിനും ആ കുട്ടിയെ നശിപ്പിച്ചതിന്റേയും ഉത്തരവാദി ടി.എസ്.ഏബ്രഹാമാണെന്ന് പറഞ്ഞിട്ടുള്ളതാണ്. ഇന്ത്യാ ബൈബിൾ കോളേജിന്റെ വൈസ് പ്രിൻസിപ്പാൾ ആയിരിക്കുന്ന ജോൺ കെ.മാത്യു, പാസ്റ്റർ കെ.സി.ജോൺ, അച്ചൻ കുഞ്ഞ് ഇലന്തൂർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ മരുപ്പച്ചയുടെ ഓഫീസിൽ വെച്ച് കുളത്തൂപ്പുഴക്കാരിയുടെ ഗർഭത്തിനുത്തരവാദി ടി.എസ്.ഏബ്രഹാമാണ് എന്ന് പറഞ്ഞിട്ടുള്ളതാണ്. ഡിഫെൻഡർ മാസികയുടെ എഡിറ്ററായ ടി.എസ്.ബാലൻ തന്റെ പത്രത്തിലൂടെ ഈ വിഷയം എഴുതിയതിനെതിരെ തിരുവല്ല മുൻസിഫ് കോടതിയിലും മജിസ്ട്രേറ്റ് കോടതിയിലും കൗൺസിൽ മെമ്പറായിരിക്കുന്ന പാ.ഏബ്രഹാം ഷാജി കേസ്സ് കൊടുത്തിട്ടുള്ളതും ഈ നീചകൃത്യത്തിന്റെ ഉത്തരവാദി ടി.എസ്.ഏബ്രഹാം ആണെന്നുള്ള സത്യാവസ്ഥ അറിഞ്ഞപ്പോൾ ടി. കേസ്സുകൾ പിൻവലിച്ചിട്ടുള്ളതുമാണ് ''.

കുളത്തൂപ്പുഴ സംഭവം ഡിഫെൻഡറിന്റെ കെട്ടുകഥയാണെന്ന് കൊട്ടിഘോഷിച്ചു നടക്കുന്നവർ കുര്യൻ പറയുന്നത് ശ്രദ്ധിച്ചു വായിക്കുക. ഇത്രയേറെ ആളുകൾ അറിഞ്ഞ കാര്യമാണിത്. ഹിന്ദുവിശ്വ, മസ്ദൂർ ഭാരതി, ആത്മാഭിമാനി തുടങ്ങിയ മാസികകളിൽ ഈ സംഭവത്തേക്കുറിച്ച് വാർത്തയും വന്നിരുന്നു. എന്നിട്ടും ഡിഫെൻഡർ കള്ളം പറയുന്നു എന്നാണ് ചിലർ പറയുന്നത്.

മരുപ്പച്ചയുടെ ഓഫീസിൽ വെച്ച് മേല്പറഞ്ഞ പ്രകാരം ഒരു സംഭാഷണം നടന്നോ എന്ന് ഡിഫെൻഡർ ഓഫീസിൽ നിന്ന് അച്ചൻകുഞ്ഞിനോട് വിളിച്ച് ചോദിച്ചു. തനിക്ക് ഒന്നും ഓർമ്മയില്ലെന്നാണ് അച്ചൻകുഞ്ഞ് മറുപടി പറഞ്ഞത്. സ്വന്തം സഭയുടെ നേതാവുമായി ബന്ധപ്പെട്ട വ്യഭിചാരക്കേസിനേക്കുറിച്ച് അന്വേഷണം വരുമ്പോൾ മറവിയുടെ വാത്മീകത്തിൽ ഒളിക്കാതെ പറ്റില്ലല്ലോ.

പൊന്നു മാളോരേ, കുളത്തൂപ്പുഴ സംഭവം പരസ്യമാക്കിയതിന്റെ പേരിൽ ടി.എസ്.ബാലൻ എന്ന ഈയുള്ളവൻ കഴിഞ്ഞ ആറു വർഷമായി വേട്ടയാടപ്പെടുകയായിരുന്നു. പരിശുദ്ധനായ ടി.എസ്.ഏബ്രഹാമിനെ പരമനീചൻ എന്നു വിളിച്ച മഹാപാപിയാണ് ടി.എസ്.ബാലൻ എന്നായിരുന്നു പ്രചരണം. കുളത്തൂപ്പുഴ സംഭവം പരസ്യമാക്കിയതിന്റെ പ്രതികാരമായാണ് സൈബർ കേസ്സുപോലും എന്റെ തലയിൽ കെട്ടിവെച്ചത്. ഒടുവിൽ ഇതാ സത്യം പുറത്തുവന്നിരിക്കുന്നു. ഡിഫെൻഡർ എഴുതിയത് തികച്ചും സത്യമായിരുന്നു എന്ന് ബാലനെ ഏറ്റവും എതിർത്തിരുന്ന കെ.പി.കുര്യൻ തന്നെ പറയുന്നു. അതുകൊണ്ട് അഭിമാനത്തോടെ പറയട്ടെ, ഡിഫെൻഡർ വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്ന പത്രമല്ല. തികച്ചും സത്യമെന്ന് ബോദ്ധ്യമുള്ള കാര്യങ്ങൾ മാത്രമേ ഞാൻ പ്രസിദ്ധീകരിക്കൂ.

കുളത്തൂപ്പുഴക്കാരിയായ ഷീബ എന്ന പെൺകുട്ടിയെ വ്യഭിചരിച്ച് ഗർഭിണിയാക്കിയ കുറ്റത്തിന് ഐ.പി.സി. പ്രസിഡന്റായ ടി.എസ്.ഏബ്രഹാമിനെതിരെ നടപടി എടുക്കണം എന്ന് ആവശ്യപ്പെട്ട് ഐ.പി.സി. ആമല്ലൂർ സഭയുടെ ശുശ്രൂഷകനും കേരള സ്റ്റേറ്റ് കൗൺസിൽ മെമ്പറുമായ പാസ്റ്റർ കെ.പി.കുര്യൻ ഐ.പി.സി. നേതാക്കൻമാർക്ക് കൊടുത്ത കത്ത് താഴെ കൊടുക്കുന്നു. കുര്യൻ ഈ കത്തിന്റെ ഒരു കോപ്പി ടി.എസ്.ഏബ്രഹാമിന് 2005 സെപ്റ്റംബർ 18ന് കൊടുക്കുകയും കത്ത് കൈപ്പറ്റിയതായി വ്യക്തമാക്കി ടി.എസ്. ഏബ്രഹാം കുര്യന് എഴുതി കൊടുക്കുകയും ചെയ്തു. ആരോപണങ്ങൾ സാധൂകരിക്കാൻ ആവശ്യമായ സാക്ഷികളേക്കുറിച്ച് കത്തിൽ വ്യക്തമായി പറയുന്നുമുണ്ട്. പക്ഷേ ഐ.പി.സി. നേതാക്കൻമാർ ടി.സ്. ഏബ്രഹാം കുറ്റക്കാരനാണോ എന്ന് അന്വേഷിക്കാൻ പോലും മിനക്കെട്ടില്ല. കുര്യന്റെ ആരോപണങ്ങൾ വ്യാജമാണെങ്കിൽ കുര്യനെതിരെ നടപടി എടുക്കേണ്ടതാണ്. അതും ഉണ്ടായില്ല. ടി.എസ്.ഏബ്രഹാം കുറ്റവാളിയാണെന്ന് സഭാനേതാക്കൻമാർ പരോക്ഷമായി സമ്മതിക്കയാണ് ചെയ്തത്.

THE INDIA PENTECOSTAL CHURCH OF GOD

Regstered in 1935 at Eluru. A.P., Under Society Act XXI of 1860, Reg. No. 9/1935-36

KERALA STATE COUNCIL

P.B. No. 22, Hebron, kumbanadu - 689 547, Phone & Fax : 0469 2664765

PR. K.P. KURIEN THIRUVALLA
State Council Member

Date : 12-08-2005

ബഹുമാനപ്പെട്ട ഐ.പി.സി. **കേരളാ സ്റ്റേറ്റ് പ്രസിഡന്റ് /പ്രസ്ബിറ്ററിക്ക്,**

കർത്തൃനാമത്തിൽ **സ്നേഹവന്ദനം.**

ഐ.പി.സി. കേരളാ സ്റ്റേറ്റിലെ ഒരു ശുശ്രൂഷകനും **കുമ്പനാട് സെൻട്രൽ പാസ്റ്ററുമായ** ടി.എസ്. ഏബ്രഹാമിനാൽ **നടത്തപ്പെടുന്ന** ഇൻഡ്യാ **ബൈബിൾ കോളേജിൽ പഠിച്ചിരുന്ന** കുളത്തൂപ്പുഴ സ്വദേശിയായ ഷീബ എന്ന പെൺകുട്ടി **ടി.എസ്.** ഏബ്രഹാമിനാൽ ഗർഭംധരിക്കുകയും ആ കുഞ്ഞിനെ നശിപ്പിച്ചുകളയുകയും ചെയ്തിട്ടുള്ളതിനാൽ **ടി.എസ്.ഏബ്രഹാമിനെ** പ്രെസ്ബിറ്ററിയിൽ വിളിച്ചുവരുത്തി വിസ്തരിച്ചു നടപടിസ്വീകരിക്കണമെന്ന് **അപേക്ഷിക്കുന്നു.**

കുമ്പനാട് സെന്ററിലെ പാസ്റ്റർ ടി.എ. ജോസഫിന്റെ ഭാര്യ മിനിയുടെ പിതാവിന്റെ സഹോദരി പുത്രിയാണ് ഷീബ. കുമ്പനാട് ഫെല്ലോഷിപ്പ് **ആശുപത്രിയിൽ** ഷീബ ഗർഭിണിയായിരുന്നു എന്നതിന്റെ രേഖയുണ്ട്. കോഴഞ്ചേരി മോനച്ചൻ **ഡോ. ജോർജ്ജ്** തോമസിനോട് ഷീബയുടെ ഗർഭത്തിനും ആ കുട്ടിയെ നശിപ്പിച്ചതിന്റെയും **ഉത്തരവാദി** ടി.എസ്. ഏബ്രഹാമാണ് എന്ന് പറഞ്ഞിട്ടുള്ളതാണ്. ഇൻഡ്യാ ബൈബിൾ **കോളേജിന്റെ** വൈസ് പ്രിൻസിപ്പലായിരിക്കുന്ന ജോൺ കെ. മാത്യു, പാസ്റ്റർ കെ.സി.ജോൺ, **അച്ചൻ കുഞ്ഞ്** ഇലന്തൂർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ മരുപ്പച്ചയുടെ ഓഫീസിൽവച്ച് കുളത്തൂപ്പുഴക്കാരിയുടെ ഗർഭത്തിനുത്തരവാദി എന്ന് പറഞ്ഞിട്ടുള്ളതാണ്. ഡിഫൻഡർ മാസികയുടെ **എഡിറ്ററായ ടി.എസ്. ബാലൻ തന്റെ പത്രത്തിലൂടെ ഈ വിഷയം** എഴുതിയതിനെതിരെ തിരുവല്ല മുനിസിഫ് കോടതിയിലും മജിസ്ട്രേറ്റ് കോടതിയിലും കൗൺസിൽ മെമ്പറായിരിക്കുന്ന പാ. **ഏബ്രഹാം ഷാജി കേസുകൊടുത്തിട്ടുള്ളതും** ഈ നീചകൃത്യത്തിന്റെ ഉത്തരവാദി ടി.എസ്. ഏബ്രഹാം ആണെന്നുള്ള സത്യാവസ്ഥ അറിഞ്ഞപ്പോൾ ടി **കേസുകൾ പിൻവലിച്ചിട്ടുള്ളതുമാണ്.**

ഞാൻ നേരിട്ട് കുളത്തൂപ്പുഴക്കാരി ഷീബയിൽനിന്നെടുത്ത മൊഴി:

ഞാൻ ഇൻഡ്യാ ബൈബിൾ **കോളേജിൽ പഠിക്കുകയും** പഠനാനന്തരം എന്നെ വാർഡനായി നിയമിക്കുകയും ചെയ്തു. ടി.എസ്.ഏബ്രഹാമുമായി **പലപ്പോഴും** ശാരീരിക ബന്ധത്തിൽ ഏർപ്പെട്ടിരുന്നു. ചില മാസങ്ങൾ കഴിഞ്ഞപ്പോൾ തലകറക്കവും **ഛർദ്ദിയും** നിമിത്തം ഐ.ബി.സി. യിൽ പഠിക്കുന്ന ഒരു കുട്ടിയെയും കൂട്ടി കുമ്പനാട് **ഫെല്ലോഷിപ്പ് ആശുപത്രിയിൽ പോയി.** പരിശോധനയിൽ ഞാൻ ഗർഭിണിയാണെന്നുള്ള **ഞെട്ടിക്കുന്ന വിവരം അറിയുകയും ആ വിവരം** ഞാൻ ടി.എസ്. ഏബ്രഹാമിനെ അറിയിക്കുകയും ചെയ്തു. **അന്ന് വൈകിട്ട് 7.30 മണിയായപ്പോൾ** കോഴഞ്ചേരി മോനിച്ചനും ടി.എസ്. ഏബ്രഹാമിന്റെ **മകൾ മോളിയുംകൂടി എന്നെ ഒരു** മുറിയിൽ കൊണ്ടുപോയി ഭീഷണിപ്പെടുത്തി ബലമായി **ടി.എസ്. ഏബ്രഹാം** അല്ല ഇതിന്റെ ഉത്തരവാദി എന്ന് എഴുതിവാങ്ങിയിട്ടുള്ളതാണ്. എന്റെ **അമ്മാച്ചനെ** വരുത്തി ഈ വിവരം വെളിയിൽ ആരോടെങ്കിലും പറഞ്ഞാൽ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തിയിട്ടുള്ളതുമാണ്.

ആയതിനാൽ **മുകളിൽ പറയപ്പെട്ട വ്യക്തികളെയെല്ലാം** വിളിച്ചുവരുത്തി പ്രസ്ബിറ്ററി മൊഴിയെടുത്ത് നടപടി സ്വീകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

എന്ന്,

പാ. കെ.പി. കുര്യൻ

Pastor K. P. Kurian personally handed over this letter to me at 9.15 PM on Sunday September 18, 2005 at the IBC Dining Hall.

18-09-05

# പെന്തക്കോസ്തിന് എന്തുപറ്റി?

പെന്തക്കോസ്തിന് എന്തുപറ്റി? എന്തോ പറ്റിയെന്ന് തീർച്ച. അത് എന്താണ്?

ഉപദേശപ്പിശകാണോ? ഇന്നത്തെ പെന്തക്കോസ്തിൽ അഞ്ച് ശതമാനത്തോളം ദുരുപദേശവും 95% ശരിയായ ഉപദേശവുമാണുള്ളത്. സ്വതന്ത്രമായിരിക്കേണ്ട പ്രാദേശിക സഭകളെ കൂട്ടിച്ചേർത്ത് സംഘടനയുണ്ടാക്കിയതും സംഘടനയാണ് സഭ എന്നു പഠിപ്പിക്കുന്നതും ദുരുപദേശമാണ്. സംഘടനയുടെ നേതാവ് ദൈവത്താൽ നിയമിക്കപ്പെട്ട ആത്മീയ ശുശ്രൂഷകനാണ് എന്നു പഠിപ്പിക്കുന്നത് മറ്റൊരു ദുരുപദേശം. ദൈവവേലയ്ക്കായി ദൈവം വിളിച്ചവരെ പ്രാദേശിക സഭയിലെ മൂപ്പൻമാർ ചേർന്ന് കൈവച്ച് ദൈവവേലയ്ക്കായി വേർതിരിക്കേണ്ടതിനു പകരം സംഘടനയുടെ നേതാക്കൻമാർ കൈവച്ച് ഓർഡിനേഷൻ കൊടുക്കുന്നതും വചനവിരുദ്ധമാണ്. വിവാഹ ശുശ്രൂഷ, ശവസംസ്ക്കാര ശുശ്രൂഷ തുടങ്ങി വിചിത്രമായ കുറെ ശുശ്രൂഷകളും സമുദായക്കാരിൽ നിന്ന് പെന്തക്കോസ്ത് സഭകൾ കടമെടുത്തിട്ടുണ്ട്. ഇങ്ങനെ കുറെ ദുരുപദേശങ്ങൾ സഭയിലുണ്ട്. എന്നാൽ പെന്തക്കോസ്ത് സഭകളെ ഒഴിയാബാധ പോലെ പിടികൂടിയിരിക്കുന്ന തിൻമ വ്യഭിചാരവും സാമ്പത്തിക അഴിമതിയുമാണ്.

വ്യഭിചാരം എന്ന വാക്ക് വായിൽ എടുക്കുന്നതുപോലും പാപമാണെന്നു കരുതുന്ന പമ്പര വിഡ്ഢികൾ മുതൽ വ്യഭിചാരം പ്രധാന തൊഴിലായി സ്വീകരിച്ചവർ വരെ പെന്തക്കോസ്തിലുണ്ട്. സാധാരണക്കാരായ വിശ്വാസികളേക്കാളധികം ഇത്തരം പാപങ്ങൾ ചെയ്യുന്നത് പാസ്റ്റർമാരാണ് എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭ ഐ.പി.സി. ആണെന്ന് പറയപ്പെടുന്നു. അതിന്റെ ഏറ്റവും വലിയ നേതാവാണ് ടി.എസ്.ഏബ്രഹാം. ഒരു പുരുഷായുസ്സ് മുഴുവൻ വ്യഭിചാരത്തിനായി നീക്കിവെച്ചുകളഞ്ഞു ഈ നീചൻ. ഐ.പി.സിയുടെ സ്ഥാപകൻ എന്ന് ചിലരൊക്കെ കരുതുന്ന കെ.ഇ.ഏബ്രഹാമിന്റെ മകനായിപ്പോയി എന്ന ഒറ്റക്കാരണം കൊണ്ട് ഐ.പി.സിയുടെ തലപ്പത്തെത്തിയ ടി.എസ്.ഏബ്രഹാം വ്യഭിചരിക്കാനുള്ള ഒരു അവസരവും പാഴാക്കിയില്ല. സ്വന്തം കൊച്ചുമക്കളുടെ പ്രായമുള്ള പെൺകുട്ടികളേപ്പോലും തന്റെ ദുഷ്ക്കാമ വൃത്തിക്ക് ഇരയാക്കാൻ ഈ പുണ്യാളന് രണ്ടുവട്ടം ആലോചിക്കേണ്ടതായി വന്നുമില്ല. കുളത്തൂപ്പുഴക്കാരി ഷീബയെ വ്യഭിചരിക്കുമ്പോൾ ടി.എസ്.ഏബ്രഹാമിന് എഴുപതു വയസ്സിൽ അധികം പ്രായമുണ്ടായിരുന്നു.

ഐ.പി.സിയുടെ മുൻ സ്റ്റേറ്റ് സെക്രട്ടറിയും ജനറൽ സെക്രട്ടറി സ്ഥാനാർത്ഥിയും പവ്വർ വിഷൻ ചെയർമാനുമായ പാസ്റ്റർ കെ.സി.ജോൺ സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ച വീരനാണ്. ശാരോൻ ഫെലോഷിപ്പിന്റെ പ്രസിഡന്റായ ടി.ജി.കോശി വ്യഭിചരിക്കയും ഗർഭഛിദ്രം നടത്തുകയും ചെയ്ത കാര്യം ഏറെപ്പേർ അറിഞ്ഞിട്ടില്ല. ശാരോന്റെ ജനറൽ സെക്രട്ടറിയായ ടി.പി. ഏബ്രഹാമിന്റെ മകൻ പ്രകൃതി വിരുദ്ധ ലൈംഗിക ബന്ധമുള്ളവനാണ്. മകൾ ചെറുപ്രായത്തിൽ തന്നെ ബൈബിൾ കോളേജിലെ ഒരു വിദ്യാർത്ഥിയിൽ നിന്ന് വ്യഭിചാരത്തിന്റെ ആദ്യാക്ഷരങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. ശാരോന്റെ സെക്രട്ടറിയായ സി.വി. ജോണിന്റെ ദുർന്നടപ്പു കഥകൾ ഏറെപ്പറയാനുണ്ട്. ഇപ്പോൾ ഈ മാന്യദേഹം സ്വന്തം മകളെ ഭാര്യയാക്കി വെച്ചിരിക്കുന്നു. ഇങ്ങനെ കേട്ടാൽ അറയ്ക്കുന്ന ഹീനകൃത്യങ്ങൾ ചെയ്യുന്നവരാണ് ഭൂരിപക്ഷം പെന്തക്കോസ്ത് നേതാക്കളും. വിശുദ്ധരായ ചില നേതാക്കൻമാർ ഉണ്ടെന്ന വസ്തുതയും അംഗീകരിക്കുന്നു.

പ്രവചനവുമായി ഊരു ചുറ്റുന്നവരിൽ ഭൂരിപക്ഷവും കള്ളൻമാരാണ്. ചെല്ലുന്നിടത്തെല്ലാം ഭാര്യയും മക്കളും ഉള്ളവരാണ് ഇവരിൽ ചിലർ. കള്ളപ്രവചനം പറഞ്ഞ് ഉണ്ടാക്കുന്ന പ്രശ്നങ്ങൾ എക്സ്ട്രാ. ഇതൊക്കെയായിട്ടും വിശ്വാസികൾ പ്രവാചകൻമാരുടെ പിന്നാലെ നെട്ടോട്ടമോടുകയാണ്.

സാമ്പത്തിക വെട്ടിപ്പാണ് പെന്തക്കോസ്തിലെ മറ്റൊരു പ്രശ്നം. ഭാരത സുവിശേഷീകരണത്തിന്റെയും ചാരിറ്റിയുടേയും പേരു പറഞ്ഞ് സഭാനേതാക്കൻമാർ വിദേശത്തുനിന്നും പണം തട്ടുന്നു. ഇങ്ങനെ ലഭിക്കുന്ന പണം ഇവർ സ്വന്തം സംഘടനയുടെ അക്കൗണ്ടിലാക്കുന്നു. ഈ പണം ഉപയോഗിച്ച് അവർ സകല തോന്ന്യാസങ്ങളും കാണിക്കുന്നു. ചോദിക്കാനും പറയാനും ആളില്ലാത്ത സ്ഥിതി.

പെന്തക്കോസ്തിൽ ആവശ്യത്തിലധികം പത്രങ്ങളുണ്ട്. പക്ഷേ തിൻമയ്ക്കെതിരെ ശബ്ദമുയർത്താൻ ആർക്കും ധൈര്യമില്ല. നേതാക്കൻമാർ പിണങ്ങിയാൽ പരസ്യങ്ങൾ കിട്ടില്ല. പരസ്യം ലഭിക്കാതായാൽ പത്രം പൂട്ടിക്കെട്ടും. അതുകൊണ്ട് പത്രക്കാരും മിണ്ടുന്നില്ല.




# ഡിഫെൻഡർ മറുപടി പറയുന്നു

**?** ഐ.പി.സിയിൽ ഇലക്ഷൻ പ്രഖ്യാപിച്ചുകഴിഞ്ഞു. പക്ഷേ ഇലക്ഷൻ എന്ന പരിപാടി ദൈവസഭയിൽ ഇല്ലാത്തതാണെന്ന് ചിലർ വാദിക്കുന്നു. നറുക്കിട്ട് എടുക്കുകയാണ് ശരിയായ രീതി എന്ന് അഭിപ്രായമുള്ളവരുണ്ട്. ഇതിൽ ഏതാണ് ശരിയായ രീതി?

■ ഐ.പി.സി., ശാരോൻ, എ.ജി. തുടങ്ങിയവ ദൈവസഭകളാണ് എന്ന് തെറ്റിദ്ധരിച്ചതാണ് പ്രശ്നമായിരിക്കുന്നത്. ഇതൊന്നും ദൈവസഭകളല്ല ചാരിറ്റബിൾ സൊസൈറ്റികളാണ് എന്ന വസ്തുത മനസ്സിലാക്കിയാൽ പ്രശ്നം തീർന്നു.

ഈ സംഘടനകളുടെ ഭരണഘടന വാങ്ങി നോക്കുക. ബൈബിളിലെ ഏതെങ്കിലും നിയമം അനുസരിച്ചല്ല സൊസൈറ്റീസ് ആക്ട് അനുസരിച്ചാണ് ഈ സംഘടനകൾ നിലവിൽ വന്നിട്ടുള്ളത്. ദൈവസഭ നിലവിൽ വന്നത് ദൈവഹിതപ്രകാരമാണ്. ദൈവവചനപ്രകാരമാണ് സഭ ഭരിക്കപ്പെടേണ്ടത്. ഈ രാജ്യത്തെ നിയമം അനുസരിച്ച് നിലവിൽ വന്ന ചാരിറ്റബിൾ സൊസൈറ്റികൾ സൊസൈറ്റീസ് ആക്ടിലെ നിയമം അനുസരിച്ച് ഭരിക്കപ്പെടണം.

സൊസൈറ്റികളിൽ ആണ്ടുതോറും തെരഞ്ഞെടുപ്പ് നടത്തണം. ഐ.പി.സിയിൽ മൂന്നു വർഷത്തിൽ ഒരിക്കലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. (ഇത് നിയമലംഘനമാണ്). പുതിയ ഭാരവാഹികളുടെ ലിസ്റ്റ് ആണ്ടുതോറും ജില്ലാ രജിസ്ട്രാർക്ക് സമർപ്പിക്കണം. ഏതു വിധത്തിൽ ഭാരവാഹികളെ തെരഞ്ഞെടുക്കണം എന്നതിനെ സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങളില്ല. എന്നാൽ ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമാകയാൽ സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം എന്നതാണ് തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഇന്ത്യയുടെ അടിസ്ഥാന പ്രമാണം. സൊസൈറ്റികളുടെ കാര്യത്തിലും ഈ രീതി പിൻതുടരുന്നതാണ് അഭികാമ്യം.

രാഷ്ട്രീയക്കാരെ വെല്ലുന്ന കുടില തന്ത്രങ്ങൾ പയറ്റിയാണ് പെന്തക്കോസ്ത് നേതാക്കൻമാർ അധികാരം പിടിച്ചടക്കുന്നത് എന്ന വസ്തുത രഹസ്യമല്ല. കൈക്കൂലി, കള്ളവോട്ട്, ഭീഷണി, ഗുണ്ടായിസം തുടങ്ങിയതെല്ലാം തെരഞ്ഞെടുപ്പിൽ ഉണ്ടാകും. കിട്ടാത്ത മുന്തിരിങ്ങ പുളിക്കും എന്ന തത്ത്വം അനുസരിച്ച് ചിലരൊക്കെ അധികാരത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നതൊഴിച്ചാൽ ഏറെപ്പേരൊന്നും സ്വയം അധികാരം ഉപേക്ഷിച്ചിട്ടില്ല. ഐ.പി.സി. ഇലക്ഷനിൽ ഇപ്പോൾ നടക്കുന്ന പരസ്യമായ കടിപിടി സകല അതിരും ഭേദിച്ചിരിക്കുന്നു. ഭൈമീകാമുകൻമാരെയെല്ലാം തൃപ്തിപ്പെടുത്താൻ ഒരു പോംവഴിയുമില്ല. ജനറൽ പ്രസിഡന്റാകാൻ നാലഞ്ചു പേർ റെഡി. സ്റ്റേറ്റ് പ്രസിഡന്റെങ്കിലും ആയാൽ മതിയെന്ന് ചിലർ. പ്രസിഡന്റ് പദവിയിലേക്കുള്ള ചവിട്ടുപടി എന്ന നിലയിൽ വൈസ് പ്രസിഡന്റ് പദം കൊണ്ട് ചിലർ തത്ക്കാലം തൃപ്തിപ്പെടുകയാണ്.

ജനറൽ സെക്രട്ടറിയാകാൻ വൽസൻ കച്ചകെട്ടി ഇറങ്ങിയെങ്കിലും കെ.സി.ജോണിന് യോജിച്ച മറ്റൊരു കസേര കണ്ടെത്താൻ കഴിയാതെ പോയതുകൊണ്ട് പുത്രൻ തമ്പുരാൻ വൈസ് പ്രസിഡന്റ് പദവികൊണ്ട് തൃപ്തിപ്പെടുന്ന മട്ടുണ്ട്.

കേരള സ്റ്റേറ്റിലും കടിപിടി കുശാലായി നടക്കുന്നു. പ്രസിഡന്റ് സ്ഥാനത്തേക്ക് രണ്ടു പേർ അത്യുഗ്രമായി പോരാടുന്നു. സെക്രട്ടറി സ്ഥാനത്തേക്ക് മത്സരം ഉണ്ടാകില്ലെന്നാണ് അറിയുന്നത്. മറ്റെല്ലാ സ്ഥാനത്തേക്കും കടുത്ത മത്സരമുണ്ടാകും.

ടി.എസ്.ഏബ്രഹാമിന്റെ കാര്യം പരമ ദയനീയമാണ്. പ്രായം അതിക്രമിച്ചതുകൊണ്ട് ഇനി മത്സരിക്കാൻ പറ്റില്ല. പുത്രനെ ജനറൽ സെക്രട്ടറിയോ ജനറൽ പ്രസിഡന്റോ ആക്കി പിൻസീറ്റിലിരുന്ന് ഡ്രൈവിംഗ് നടത്താമെന്ന മോഹവും വാടിക്കരിഞ്ഞു. പ്രിയ സുതന് പരമാവധി ഒരു വൈസ് പ്രസിഡന്റേ ആകാൻ കഴിയൂ എന്നതാണ് സ്ഥിതി. പ്രസിഡന്റും സെക്രട്ടറിയും കേരളത്തിൽ ഉള്ളപ്പോൾ വിദേശവാസിയായ വൈസ് പ്രസിഡന്റിന്റെ ബിനാമിക്ക് എന്തുചെയ്യാനാകും? ഇങ്ങിനി വരാതെവണ്ണം പൊയ്പ്പോയ ആ നല്ല നാളുകൾ ഓർത്ത് നെടുവീർപ്പിടുകയേ ഇനി നിവർത്തിയുള്ളൂ.

കത്തോലിക്ക സഭയുടെ വിശ്വാസമനുസരിച്ച് ആ സംഘടനയാണ് ദൈവസഭ. ആ സംഘടനയ്ക്കു പുറത്തുള്ള ആർക്കും രക്ഷയില്ല. തങ്ങളുടെ സംഘടനയാണ് യഥാർത്ഥ ദൈവസഭ എന്നു പഠിപ്പിക്കുന്ന മറ്റു സമുദായങ്ങളുമുണ്ട്. പക്ഷേ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവരുടെ കൂട്ടമാണ് യഥാർത്ഥ ദൈവസഭ. അത് ഒരു സംഘടനയല്ല. സംഘടനയിലെ അംഗങ്ങൾ രക്ഷിക്കപ്പെട്ടവരായിരിക്കണം എന്നുമില്ല. സംഘടന ദൈവീക പദ്ധതിയിലേയില്ല.



# എല്ലാം ദൈവനാമത്തിൽ

ദൈവനാമം മറയായിട്ടുണ്ടെങ്കിൽ എന്തു തട്ടിപ്പും നടത്താം. ആരും ചോദ്യം ചെയ്യുകയില്ല. ചോദ്യം ചെയ്താൽ ദൈവം കോപിക്കുമത്രേ. പക്ഷേ തട്ടിപ്പുകാരെ ചോദ്യം ചെയ്താൽ കോപിക്കുന്ന ദൈവത്തെ ഡിഫെൻഡറിന് ഭയമില്ല. അതുകൊണ്ട് ദൈവനാമത്തിൽ തട്ടിപ്പു നടത്തുന്നവരെ ഡിഫെൻഡർ ചോദ്യം ചെയ്യുന്നു.

മനോരമയുടെ ജൂലൈ രണ്ട് ലക്കത്തിൽ വന്ന പരസ്യം ഒരു സഹോദരൻ ഡിഫെൻഡറിന്റെ ശ്രദ്ധയിൽ പെടുത്തി. പലവട്ടം വായിച്ചിട്ടും സംഗതി പിടികിട്ടിയില്ല. അതുകൊണ്ട് പരസ്യത്തിൽ കണ്ട 9475-2251413 എന്ന നമ്പരിൽ ബന്ധപ്പെട്ടു. പുനലൂരിനടുത്ത് കരവാളൂരുള്ള ഒരു പാസ്റ്ററുടെ നമ്പരാണത്. അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കം ഇതാണ്:

ചിത്രത്തിലുള്ള അനുഗ്രഹദാതാവിന്റെ പേര് എം. പോൾ രവി സഞ്ജീവി എന്നാണ്. മദ്രാസിലാണ് താമസം. ഇന്റർനാഷണൽ കാൽവരി മിഷൻ ട്രസ്റ്റ് എന്ന സംഘടനയുടെ തലവനാണ് ഇദ്ദേഹം. വീടുകൾ സൗജന്യമായി നൽകുന്നത് ഇദ്ദേഹമാണ്. കത്തോലിക്ക ബിഷപ്പിന്റെ വേഷവിധാനം എന്തുകൊണ്ട് ഇദ്ദേഹം സ്വീകരിച്ചിരിക്കുന്നു എന്ന ചോദ്യത്തിന് തൃപ്തികരമായ വിശദീകരണം പാസ്റ്റർ നൽകിയില്ല.

തമിഴ്നാട്ടിൽ നിരവധി വീടുകൾ സൗജന്യമായി നൽകിക്കഴിഞ്ഞു. കേരളത്തിൽ വീടുകളുടെ പണി നടക്കുന്നു. ഈ സ്കീമിൽ വീട് വെച്ചു കൊടുക്കാമെന്നു പറഞ്ഞ് ചിലർ പണപ്പിരിവ് നടത്തുന്നതായി പരാതി ഉണ്ടായി. അതുകൊണ്ടാണ് ഇത്തരത്തിൽ ഒരു പരസ്യം മനോരമയിൽ നൽകിയത്.

ഈ പദ്ധതിയുടെ വിശദാംശങ്ങളും പാസ്റ്റർ പറഞ്ഞു. ഒരു വ്യക്തിയോ സംഘടനയോ ഒരു പ്രദേശത്ത് വീടുകൾ നിർമ്മിക്കുന്നതിന്റെ ചുമതല ഏൽക്കണം. ഇപ്രകാരം ചുമതല ഏൽക്കുന്നവർക്ക് 150 വീടുകൾ നിർമ്മിക്കാനുള്ള ധനസഹായമാണ് ലഭിക്കുക. ഒരു വീടിന് ഏകദേശം രണ്ടുലക്ഷം രൂപയാണ് ധനസഹായം. വീട് ലഭിക്കുന്ന വ്യക്തി പണം നൽകേണ്ടതില്ല. തികച്ചും സൗജന്യമായി വീട് നിർമ്മിച്ച് നൽകും. 150 വീടിനുള്ള പണം ഒന്നിച്ച് നൽകുകയല്ല ചെയ്യുക. ഒരു വീടിനുള്ള പണം ആദ്യം നൽകും. ആ വീട് നിർമ്മിച്ച് നൽകിക്കഴിഞ്ഞ് അടുത്ത വീടിനുള്ള പണം നൽകും.

ഇതിൽ എന്താണ് തട്ടിപ്പ്? ഒരു പൈസ പോലും ചെലവില്ലാതെ 150 ആളുകൾക്ക് വീടു കിട്ടുന്നു. ചുമതല ഏറ്റ് നടത്തുന്ന ആൾക്ക് അല്പസ്വല്പം കൈയിട്ടുവാരാനുള്ള സാഹചര്യവുമുണ്ട്. പത്തു ശതമാനം വെട്ടിച്ചാലും ഒരു വീടിന് 20,000 രൂപ ആയി. 150 വീട് വെച്ചു കഴിയുമ്പോൾ 30 ലക്ഷം രൂപ പോക്കറ്റിൽ. സംഗതി മോശമല്ല.

എടുത്തു ചാടാൻ വരട്ടെ: അല്പം പ്രശ്നമുണ്ട്. വീട് നിർമ്മാണത്തിന്റെ ചുമതല ഏൽക്കുന്ന വ്യക്തി മൂന്നു ലക്ഷം രൂപ ഇന്റർനാഷണൽ കാൽവരി മിഷൻ ട്രസ്റ്റിന്റെ അക്കൗണ്ടിൽ ഡിപ്പോസിറ്റ് ചെയ്യണം. അത് ഒരു ഡിപ്പോസിറ്റായി അവിടെ കിടക്കും. 150 വീടുകളുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ ഈ പണം തിരികെ ലഭിക്കും. മൂന്നു ലക്ഷം രൂപ ഉണ്ടാക്കുന്നത് അല്പം ബുദ്ധിമുട്ടുള്ള കാര്യമാണെങ്കിലും കുറഞ്ഞപക്ഷം 30 ലക്ഷം രൂപ വെട്ടിക്കാനുള്ള സാഹചര്യമുള്ളതുകൊണ്ട് സംഗതി നഷ്ടമാണെന്ന് പറയാനാവില്ല. പക്ഷേ ഇത് തട്ടിപ്പാകാം. എങ്ങനെ? വിശദീകരിക്കാം.

ഈയിടെ പൊട്ടി പാളീസായ ലിസിന്റെ കാര്യം ഉദാഹരണമായെടുക്കാം. അവരുടെ ദീപസ്തംഭം പദ്ധതിയിൽ 625 രൂപ നിക്ഷേപിച്ചാൽ പിറ്റേവർഷം 1250 രൂപ തിരികെ ലഭിക്കും. പോയാൽ പോകട്ടെ എന്ന് കരുതി പലരും പണം നിക്ഷേപിച്ചു. പക്ഷേ കുഴപ്പമൊന്നും ഉണ്ടായില്ല. കൃത്യ സമയത്ത് പണം ഇരട്ടിയായി കിട്ടി. അങ്ങനെ ലഭിച്ച ഇരട്ടി വീണ്ടും നിക്ഷേപിച്ചു. അതോടൊപ്പം കുറച്ചധികം പണം കൂടി നിക്ഷേപിക്കയും ചെയ്തു. അതും ഇരട്ടിയായി മടക്കി ലഭിച്ചു. അങ്ങനെ ലഭിച്ച പണം വീണ്ടും നിക്ഷേപിച്ചു. കൂടാതെ, കടം വാങ്ങിയും കിടക്കാടം വിറ്റും വരെ നിക്ഷേപം നടത്തി. അറിഞ്ഞും കേട്ടും വന്ന ആയിരക്കണക്കിന് ആളുകൾ ഇങ്ങനെ നിക്ഷേപം നടത്തി. ''കിടക്കട്ടെ ഒരു തുക ലിസ്സിലും'' എന്ന പരസ്യവാചകം കേരളജനതയുടെ മുദ്രാവാക്യമായി. എന്തിനേറെ പറയുന്നു, ലിസ്സിൽ അനേകകോടി രൂപയുടെ നിക്ഷേപം ഉണ്ടായി. ഒടുവിൽ പണം തിരികെ കൊടുക്കാൻ ബുദ്ധിമുട്ടുണ്ടായി. ഉടൻ നിക്ഷേപത്തുക ഇരട്ടിയാക്കി. അങ്ങനെ ലഭിച്ച പണം കൊണ്ട് കുറേപ്പേരുടെ പണം മടക്കിക്കൊടുത്തു. പണം ലഭിച്ചവരിൽ ഭൂരിപക്ഷം ആളുകളും ആ പണം വീണ്ടും നിക്ഷേപിച്ചതുകൊണ്ട് വലിയ പ്രശ്നങ്ങൾ ഉണ്ടായതുമില്ല. അങ്ങനെ കാര്യങ്ങൾ നടന്നു പോകുന്നതിനിടയിലാണ് പോലീസ് ഇടപെട്ടത്. അതോടെ കള്ളി വെളിച്ചത്തായി.

> ## പൊതുജന ശ്രദ്ധയ്ക്ക്
>
> **INTERNATIONAL CALVARI MISSION TRUST, CHENNAI**
>
> 
>
> ഇന്റർനാഷണൽ കാൽവരി മിഷൻ ട്രസ്റ്റ് നിർദ്ധനർക്ക് നൽകുന്ന ഭവന നിർമ്മാണ പദ്ധതി 100 ശതമാനം സൗജന്യമാണ്. ഇതിന്റെ പേരിൽ പൊതുജനങ്ങളിൽ നിന്ന് പണം പിരിവ് നടത്തുന്നതായി അറിയുന്നു. ഞങ്ങളുടെ മിഷൻ ആരിൽ നിന്നും ഇതിനായി പണം ഈടാക്കുന്നില്ല. ഇന്റർനാഷണൽ കാൽവരി മിഷന്റെ ഭവനനിർമ്മാണ പദ്ധതിയുടെ പേരിൽ ഏതെങ്കിലും വ്യക്തിയോ പ്രസ്ഥാനങ്ങളോ നിങ്ങളുടെ പക്കൽ നിന്നും പണം ഈടാക്കുന്നെങ്കിൽ അത് മിഷന്റെ അറിവോ സമ്മതമോ കൂടാതെയാണ്. ഈ തരത്തിലുള്ള സമീപനങ്ങൾ രേഖാമൂലം നിങ്ങളുടെ അടുത്തുള്ള പോലീസ് സ്റ്റേഷനിലോ ഞങ്ങളുടെ ഓഫീസിലോ അറിയിക്കുക.
>
> എന്ന്,
>
> ഇന്റർനാഷണൽ കാൽവരി മിഷൻ ട്രസ്റ്റിന് വേണ്ടി
>
> എം. പോൾ രവി സഞ്ജീവി (ട്രസ്റ്റി)
>
> ഫോൺ: +91-44-42655714,
> 09841155908, 09444146524
> 0475-2251413, 9846469665.

മലയാള മനോരമയുടെ ജൂലൈ 2 ലക്കത്തിൽ പ്രത്യക്ഷപ്പെട്ട പരസ്യം

എന്താണ് തട്ടിപ്പിന്റെ മർമ്മം? പണം നിക്ഷേപിച്ചവർക്ക് ഇരട്ടി മടക്കി ലഭിച്ചു എന്ന് അറിഞ്ഞപ്പോൾ കൂടുതൽ ആളുകൾ നിക്ഷേപവുമായെത്തി. ഇതേ തന്ത്രമാണ് സൗജന്യ വീടു നിർമ്മാണ പദ്ധതിയുടെ പിന്നിലും ഉള്ളത്. ഏതെങ്കിലും ഒരു അത്യാഗ്രഹി മൂന്നുലക്ഷം രൂപ അടച്ച് പ്രാദേശിക ഏജന്റാകുന്നു. അയാൾക്ക് ഒരു വീടിനുള്ള പണത്തിന്റെ ആദ്യ ഗഡു ലഭിക്കുന്നു. അങ്ങനെ പണി തുടങ്ങുന്നു. വിവരം അറിഞ്ഞും കേട്ടും മറ്റ് നിരവധി സ്ഥലങ്ങളിൽ പ്രാദേശിക ഏജന്റുമാർ ഉണ്ടാകുന്നു. അതിനിടയിൽ ഒരു വീടിന്റെ പണി തീരുന്നു. ആഘോഷമായി ഉദ്ഘാടനവും നടക്കും. കുറഞ്ഞപക്ഷം 100 പ്രാദേശിക ഏജന്റുമാരെങ്കിലും അതിനുള്ളിൽ മൂന്നു ലക്ഷം രൂപ വീതം അടച്ചിരിക്കും. ആ വകയിൽ മൂന്നുകോടി രൂപ ചെന്നയിലെ വിരുതന് ലഭിക്കും. ശുഭം. പിന്നീട് അനുഗ്രഹ ദാതാവിനെ കണികാണാൻ പോലും കിട്ടില്ല. മൂന്നു ലക്ഷം രൂപ മുടക്കി മുപ്പതുലക്ഷം ഉണ്ടാക്കുന്നതും സ്വപ്നം കണ്ടിരുന്ന അത്യാഗ്രഹികളുടെ സ്ഥിതി പരമ ദയനീയം.

ഇങ്ങനെയൊക്കെ സംഭവിക്കുകയില്ല എന്ന് എങ്ങനെ പറയാൻ കഴിയും? പരസ്യം ശ്രദ്ധിക്കുക. കുറെ ഫോൺ നമ്പറുകളല്ലാതെ ഈ ട്രസ്റ്റിന്റെ അഡ്രസ്സ് കാണാനില്ല. അനുഗ്രഹം ചൊരിഞ്ഞുകൊണ്ടു നിൽക്കുന്ന മനുഷ്യനേപ്പറ്റി ഒന്നും പറയുന്നില്ല. ആയിരക്കണക്കിന് ആളുകൾക്ക് രണ്ടുലക്ഷം രൂപ വീതം മുതൽ മുടക്കുള്ള വീട് വെച്ചു കൊടുക്കാൻ അനേകകോടി രൂപ വേണം. ഇത്രയധികം പണം എവിടെനിന്ന് വരുന്നു, ആര് കൊടുക്കുന്നു എന്നൊന്നും വ്യക്തമല്ല. ആകെ ദുരൂഹത. If it seems to be too good to be true, it may be too good to be true എന്ന സിദ്ധാന്തം ഇവിടെ പ്രസക്തമാണ്. അതുകൊണ്ട് പറയട്ടെ: സൂക്ഷിക്കുക. ഇത് തട്ടിപ്പാകാം.

# റോസമ്മ മൂലമറ്റത്ത് അത്ഭുതം നടത്തും

ആർ.റ്റി.ഒ. (ഇപ്പോൾ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ) റോസമ്മ അത്ഭുതം പ്രവർത്തിക്കാൻ പോകുന്നു. മൂലമറ്റം പ്രൈവറ്റ് ബസ് സ്റ്റാന്റിനു സമീപമുള്ള അറക്കുളം ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലാണ് അത്ഭുതം നടക്കുക. ആഗസ്റ്റ് 4ന് തുടങ്ങുന്ന അത്ഭുത പ്രവർത്തനം 6ന് അവസാനിക്കും.

റോസമ്മ ഒറ്റയ്ക്കല്ല അത്ഭുതം പ്രവർത്തിക്കുന്നത്. ലോക പ്രസിദ്ധ കൃപാവരപ്രാപ്തൻ എന്ന് റോസമ്മ പറയുന്ന പാസ്റ്റർ ജയ്മോൻ മല്ലപ്പിള്ളിയാണ് പ്രധാന സഹായി. (ഈ ലോകപ്രസിദ്ധനേക്കുറിച്ച് മറ്റാരും കേട്ടിട്ടില്ലെങ്കിൽ അത് റോസമ്മയുടെ കുറ്റമല്ല). ഇദ്ദേഹത്തിന് എന്തു കൃപാവരമാണുള്ളതെന്ന് റോസമ്മ വിശദീകരിക്കുന്നുമില്ല. പറയുന്നത് റോസമ്മയല്ലേ, എന്തെങ്കിലും ഇല്ലാതിരിക്കയില്ല.

പാസ്റ്റർ സാമുവേൽ കെ.വി. എന്നൊരു വീരനും അത്ഭുതം പ്രവർത്തിക്കാൻ എത്തും. ഈ മാന്യ ദേഹത്തിന്റെ പേരു കഴിഞ്ഞ് ബ്രാക്കറ്റിൽ L.B.T.C. എന്ന് കൊടുത്തിട്ടുണ്ട്. അതെന്താണെന്ന് പിടികിട്ടിയില്ല. വെണ്ണിക്കുളം മാമ്മൻ ഫിലിപ്പ് B.Sc. (P.G.)., J.D. എന്ന് ഡിഗ്രി വയ്ക്കുന്നതുപോലെയുള്ള എന്തോ പരിപാടിയാണെന്നു തോന്നുന്നു. (പത്താംക്ലാസ്സ് തോറ്റ ഒരു മഹാൻ M.A.B.F. (Luckno) എന്ന് എഴുതിയിരുന്നു. Matriculation Appeared, But Failed, Luckno (ഭാഗ്യമില്ല) എന്നായിരുന്നു അർത്ഥം. ഇതുപോലെ എന്തെങ്കിലുമാകാം മേല്പടിയാന്റെ L.B.T.C.

ഈ മീറ്റിംഗിൽ എന്തൊക്കെ അത്ഭുതങ്ങളാണ് നടക്കുക? അത് റോസമ്മ പറയുന്നുണ്ട്. നാനാവ്യാധികളാലും ബാധകളാലും വലഞ്ഞവർക്കും രോഗികൾക്കും ദുഃഖിതർക്കും വിടുതൽ ലഭിക്കും. സമാധാനവും സന്തോഷവും ഉണ്ടാകും. വിശ്വാസത്തോടെ രോഗികളേയും ഭൂതബാധിതരേയും കൊണ്ടുവരാൻ റോസമ്മ ആഹ്വാനം ചെയ്യുന്നു. അത്ഭുതമൊന്നും നടന്നില്ലെങ്കിൽ അത് നിങ്ങളുടെ വിശ്വാസകുറവുകൊണ്ടാണെന്ന് വ്യക്തം.

അത്ഭുതം ഉദ്ഘാടനം ചെയ്യുന്നത് റോസമ്മയുടെ പ്രിയ കണവൻ ബഞ്ചമിൻ ആണ്. ആ പാവത്തിന് ഉദ്ഘാടനമെങ്കിലും കൊടുക്കാൻ കനിവു തോന്നിയതിന് നന്ദി.

മോനച്ചൻ തേരളശ്ശേരി, ജോസൻ ജോർജ്ജ് എന്നിവരാണ് ഈ അത്ഭുത യോഗത്തിന് നേതൃത്വം കൊടുക്കുന്നത്. ലോഗോസ് സിംഗേഴ്സ് മുട്ടം പാട്ടുപാടും. ചുരുക്കത്തിൽ സംഗതി ഉഗ്രനാകും.

റോസമ്മയും കൂട്ടരും ഒരു ഉപകാരം ചെയ്യണം. അത്ഭുതങ്ങൾ നടക്കുമ്പോൾ അത് രേഖപ്പെടുത്തി വെയ്ക്കണം. രോഗശാന്തി ലഭിക്കുന്നവരുടെ പേരും അഡ്രസ്സും എഴുതി സൂക്ഷിക്കണം. യോഗം അവസാനിച്ചശേഷം അത്ഭുതങ്ങളുടെ വിശദ വിവരം ഡിഫെൻഡറിനെ അറിയിക്കണം. മറുപടി പറയാൻ കഴിയാതെ ഡിഫെൻഡർ കുഴയണം.

# സ്ത്രീകൾക്ക് വോട്ടവകാശം ആവശ്യപ്പെട്ട് കേസ്സ്

ഐ.പി.സി. ഇലക്ഷനിൽ സ്ത്രീകൾക്കും വോട്ടവകാശം വേണം എന്ന് ആവശ്യപ്പെട്ട് ഐ.പി.സി. അംഗങ്ങളായ ഏതാനും സ്ത്രീകൾ കേസ്സ് കൊടുത്തിരിക്കുന്നു. കോടതി അടുത്ത യാഴ്ച കേസ്സ് പരിഗണിക്കും.

ഇന്ത്യൻ പെന്തക്കോസ്തൽ ചർച്ച് ഓഫ് ഗോഡ് എന്ന ഐ.പി.സി. ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ്. സൊസൈറ്റിയുടെ ഭരണം സൊസൈറ്റീസ് ആക്ട് അനുസരിച്ച് നടക്കേണ്ടതാണ്. പുരുഷൻമാർക്കു മാത്രമല്ല സ്ത്രീകൾക്കും ഐ.പി.സിയിൽ അംഗത്വം നൽകുന്നുണ്ട്. മറ്റു നിയമങ്ങളിലും സ്ത്രീപുരുഷ വ്യത്യാസമില്ല. പക്ഷേ വോട്ടിന്റെ കാര്യം വരുമ്പോൾ സ്ത്രീകൾ ഔട്ടാകുന്നു.

ഐ.പി.സി. എന്നത് ഒരു സഭയാണെന്നും സഭയുടെ ഭരണത്തിൽ സ്ത്രീകൾ ഇടപെടുന്നത് ബൈബിൾ അനുവദിക്കുന്നില്ലെന്നുമാണ് മറുപക്ഷത്തിന്റെ വാദം. പക്ഷേ ഐ.പി.സി. രജിസ്റ്റർ ചെയ്തിരിക്കുന്നത് ബൈബിളിലെ നിയമം അനുസരിച്ചല്ലെന്നും സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ഐ.പി.സി. ഈ രാജ്യത്തെ നിയമം അനുസരിച്ച് ഭരിക്കപ്പെടേണമെന്നുമാണ് സ്ത്രീകളുടെ വാദം. സ്ത്രീകൾക്ക് വോട്ടവകാശം നിഷേധിക്കപ്പെടുന്നത് ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങൾക്കുതന്നെ എതിരാണ് എന്ന വാദത്തിൽ കഴമ്പുണ്ടെന്നു പറയാതെ വയ്യ.

# നാഗാലാന്റ് സ്മരണകൾ

1992-മാർച്ച് അവസാനത്തോടെ മന്ത്രിസഭ നിലം പതിക്കയും മന്ത്രി സ്കൂൾ കോമ്പൗണ്ടിലുള്ള വസതിയിൽ താമസത്തിനെത്തുകയും ചെയ്തു. സംസ്ഥാനം പ്രസിഡന്റു ഭരണത്തിലാണ്. തെരഞ്ഞെടുപ്പ് എന്നു നടക്കുമെന്നറിഞ്ഞുകൂടാ. 92-ൽ നടക്കാനിടയില്ല.

നാഗാലാന്റിൽ മന്ത്രിമാരെല്ലാം പലവിധ അഴിമതികൾ നടത്തുക പതിവാണ്. അതൊരു വാർത്തയേയല്ല. പക്ഷേ നാഗാലാന്റിൽ പോലും വാർത്ത സൃഷ്ടിക്കത്തക്ക അഴിമതിയാണ് ഞങ്ങളുടെ മന്ത്രി നടത്തിയിട്ടുള്ളത്. അതോടൊപ്പം അദ്ദേഹം നടത്തിയ എണ്ണമറ്റ കാലുമാറ്റങ്ങൾ കൂടിയായപ്പോൾ നില പരുങ്ങലിലായി. N.P.C യുടെ ഒരു വിഭാഗം കൂടെയുണ്ട്. കോൺഗ്രസ്സിൽ കയറിപ്പറ്റുകയാണ് ലക്ഷ്യം. പക്ഷേ കോൺഗ്രസ്സിലുള്ള ബഹുഭൂരിപക്ഷം നേതാക്കളും പ്രവർത്തകരും തിയാമെരനെ കോൺഗ്രസ്സിലെടുക്കുന്നതിനെ ശക്തമായി എതിർക്കുന്നു. ഇനിയും ഇയാൾ കാലുമാറുകയില്ല എന്നതിന് എന്താണ് ഉറപ്പ്? ഒരുറപ്പുമില്ല. വല്ലവിധേനയും അടുത്ത തെരഞ്ഞെടുപ്പിലും ജയിക്കുക, മന്ത്രിയാകുക. ഇതിലധികമൊരു ലക്ഷ്യവും അദ്ദേഹത്തിനില്ല. അത് എല്ലാവർക്കും നന്നായറിയാം. നാഗാലാന്റിൽ നിലനിന്നുവരുന്ന രാഷ്ട്രീയ അസ്ഥിരതയുടെയെല്ലാം പിന്നിൽ തിയാമെരനുണ്ടായിരുന്നു. കോൺഗ്രസ്സ് സർക്കാർ നിലംപതിക്കാനും N.P.C അധികാരത്തിൽ വരാനും കാരണം ഇദ്ദേഹം തന്നെ. അതുകൊണ്ട് തിയാമെരനെ കോൺഗ്രസ്സിലെടുക്കാൻ പാടില്ല എന്ന നിലപാടാണ് മിക്കവരും സ്വീകരിച്ചത്.

തിയാമെരനോടൊപ്പമുള്ള N.P.C വിഭാഗത്തിന്റെ പിൻതുണ കൊണ്ട് അദ്ദേഹം ജയിക്കയില്ല. അദ്ദേഹത്തിന്റെ മണ്ഡലമായ അലോങ്താക്കിയിൽ ഏകദേശം 10% വോട്ടുകൾ മാത്രമേ അനുകൂലമായുള്ളു. അതുകൊണ്ട് കോൺഗ്രസ്സ് അനുഭാവികൾ ഒന്നടങ്കം തീയാമെരന് വോട്ടു ചെയ്താൽ മാത്രമേ ജയം ഉറപ്പാകൂ. അതിന് കോൺഗ്രസ്സ് ടിക്കറ്റ് ലഭിക്ക മാത്രമല്ല റിബൽ സ്ഥാനാർത്ഥികൾ ഇല്ലാതാകുകയും വേണം. പ്രശ്നത്തിന്റെ എല്ലാ വശങ്ങളും നന്നായി പഠിച്ചശേഷം ഞാൻ ചില നിഗമനങ്ങളിലെത്തി.

1. തിയാമെരന് കോൺഗ്രസ്സ് ടിക്കറ്റ് കിട്ടാൻ വിഷമമാണ്.

2. കോൺഗ്രസ്സ് ടിക്കറ്റു ലഭിച്ചില്ലെങ്കിൽ അദ്ദേഹം തീർച്ചയായും തോല്ക്കും.



നാഗസ്ത്രീകളുടെ സംഘനൃത്തം

3. കോൺഗ്രസ്സ് ടിക്കറ്റ് ലഭിച്ചാലും ശക്തരായ റിബൽ സ്ഥാനാർത്ഥികളുണ്ടാകും. അതുകൊണ്ട് വിജയിക്കുവാൻ സാദ്ധ്യത കുറവാണ്.

1992-ന്റെ അവസാനം ആയതോടെ എനിക്ക് കേരളത്തിലേക്ക് മടങ്ങുവാൻ ആശയുദിച്ചു. എന്തുകൊണ്ട് ഇത്തരമൊരു ചിന്ത എന്നിൽ ഉണ്ടായി എന്ന് എനിക്കറിഞ്ഞുകൂടാ. ഒരു ദിവസം ഈ ആശയം എങ്ങനെയോ എന്റെ ഹൃദയത്തിലെത്തി എന്നേ പറയാനുള്ളു. കുറച്ചു ദിവസം ഈ ചിന്തയുമായി നടന്നു. നാട്ടിലേക്കു മടങ്ങാനുള്ള ആഗ്രഹം നാൾക്കുനാൾ ഏറിവന്നു.

നമുക്കു ഹൃദയത്തിൽ തോന്നുന്നതെല്ലാം ദൈവാലോചന ആയിരിക്കണമെന്നില്ല. മാനുഷികമോ സാത്താന്യമോ ആയ പദ്ധതികളും ചിലപ്പോൾ പ്രത്യക്ഷത്തിൽ വളരെ നല്ലതായി തോന്നാനിടയുണ്ട്. ആകയാൽ ഞാൻ ഈ വിഷയം ദൈവസന്നിധിയിൽ വച്ച് മൂന്നു ദിവസം ഉപവാസമെടുത്തു പ്രാർത്ഥിച്ചു. ദൈവം എന്റെ പ്രാർത്ഥന കേട്ടു. വ്യക്തമായ ആലോചനയും തന്നു. അതിന്റെ രത്നച്ചുരുക്കം ഇതാണ്: എന്റെ നാഗാലാന്റ് ജീവിതം അവസാനിപ്പിച്ച് കേരളത്തിലേയ്ക്കു മടങ്ങണം. ഇനി നാഗാലാന്റിൽ നിന്നാൽ വലിയ അപകടമുണ്ടാകും. കേരളത്തിലെത്തിയാൽ പൂർണ്ണസമയം സുവിശേഷവേല ചെയ്യണം. എന്റെ പോക്കറ്റ് കാലിയാകാതെ കർത്താവ് എന്നെ പരിപാലിക്കും. (ഈ ഉപവാസ പ്രാർത്ഥനയ്ക്കിടയിലാണ് എന്റെ മൂത്ത മകൻ അബീഷ് പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചത്).

വ്യക്തമായ ദൈവാലോചന ലഭിച്ചതിനാൽ ഞാൻ തീരുമാനമെടുത്തു. 1992-നവംബറിൽ പരീക്ഷ നടത്തി റിസൾട്ടും കൊടുത്തിട്ട് സ്ഥലം വിടുക. ഈ വിഷയം കഴിവതും രഹസ്യമാക്കി വയ്ക്കുക. ഞാൻ പോകുകയാണെന്നറിഞ്ഞാൽ പലരും ഫീസ് തന്നില്ലെന്നു വരാം. ഞാൻ പണം കൊടുക്കുവാനുള്ളവർ അനാവശ്യമായി പരിഭ്രമിച്ചുവെന്നും വരാം. അതുകൊണ്ട് അവസാന ദിവസങ്ങളിലല്ലാതെ ആരും എന്റെ തീരുമാനം അറിയരുത്. പക്ഷേ മന്ത്രിയെ അറിയച്ചേ മതിയാകൂ. അല്ലെങ്കിൽ അത് ചതിയാകും.

എനിക്ക് നാഗാലാന്റ് ജീവിതം മടുത്തു എന്നും കേരളത്തിലേക്ക് മടങ്ങിപ്പോകാനാഗ്രഹിക്കുന്നു എന്നും ഞാൻ മന്ത്രിയെ അറിയിച്ചു. 1993-മുതൽ സ്കൂൾ നടത്തിപ്പിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്നും അറിയിച്ചു. മനസ്സില്ലാമനസ്സോടെ മന്ത്രി എന്റെ അപേക്ഷ സ്വീകരിച്ചു. വിഷയം കഴിയുന്നത്ര രഹസ്യമാക്കി വെയ്ക്കാമെന്നും ഏറ്റു.

എന്റെ ആസ്തി-ബാദ്ധ്യതകൾ ഞാൻ കണക്കുകൂട്ടി. അൻപതിനായിരം രൂപയോളം കടമുണ്ട്. പിരിഞ്ഞു കിട്ടാനുള്ള പണം ലഭിച്ചാൽ കടം വീട്ടാൻ കഴിയും. കൂടാതെ മടക്കയാത്രയ്ക്കുള്ള പണം മിച്ചമുണ്ടാവും. മതി. ഇത്രത്തോളമൊന്നും ഞാൻ പ്രതീക്ഷിച്ചതല്ലല്ലോ. ഞാൻ നാഗാലാന്റിലെത്തിയത് അധികമൊന്നും ഇല്ലാതെയാണ്. കുറെ പാത്രങ്ങളും കുറച്ചു പുസ്തകങ്ങളുമെങ്കിലും ഇത്രയും കാലം കൊണ്ട് ഉണ്ടാക്കി. കൂടാതെ വലിയൊരനുഭവ സമ്പത്തും നേടിയിട്ടുണ്ട്. മതി, ഇനി കേരളത്തിലേക്കു മടങ്ങാം.

വർഷാവസാന പരീക്ഷ നടത്തി. റിസൾട്ട് കൊടുത്തു. ഫീസ് കഴിയുന്നത്ര പിരിച്ചെടുത്തു. കടമെല്ലാം കൊടുത്തു തീർത്തു. ഡിസംബർ ആദ്യവാരമായപ്പോഴേക്കും യാത്ര തിരിക്കാമെന്ന നിലയിലെത്തി. പക്ഷേ ഡിസംബർ 6-ാം തീയതി ബാബരി മസ്ജിദ് തകർത്തതിനോടു ബന്ധപ്പെട്ട പ്രശ്നങ്ങൾ നിമിത്തം യാത്ര ചില ദിവസങ്ങൾ ദീർഘിപ്പിച്ചു. 10-ാം തീയതിയായതോടെ പ്രശ്നം തെല്ലൊന്നു ശമിച്ചു. അന്നു വൈകിട്ട് ഞങ്ങൾ നാഗാലാന്റിനോടു വിടപറഞ്ഞു.

മന്ത്രിയുടെ ജീപ്പിൽ ദിമാപൂരിലെ പ്രൈവറ്റ് ബസ് സ്റ്റാന്റിലെത്തി. അവിടെനിന്നും ബസ്സിൽ സഞ്ചരിച്ച് പിറ്റേ ദിവസം ഗുവഹാത്തിയിലെത്തി. എന്റെ ഭാര്യാ സഹോദരൻ മോഹനൻ ബീഹാറിലെ കിഷൻഗഞ്ച് എന്ന സ്ഥലത്തുണ്ടായിരുന്നു. (മോഹനന് റെയിൽവേയിൽ ജോലി കിട്ടിയിരുന്നു) ട്രെയിനിൽ ഞങ്ങൾ കിഷൻഗഞ്ചിലെത്തി. ഒരു മാസത്തോളം മോഹനനോടൊത്ത് ബീഹാറിൽ താമസിച്ചു. അതിനുശേഷം ഞങ്ങളൊന്നിച്ച് കേരളത്തിലെത്തി.

ഞാൻ ഇവിടെ നിർത്തേണ്ടതാണ്. പക്ഷേ അല്പം കൂടി പറഞ്ഞു കൊള്ളട്ടെ. കേരളത്തിലെത്തി ഏറെക്കഴിയുംമുൻപു തന്നെ ഞങ്ങൾക്ക് വേണ്ടതെല്ലാം ദൈവകൃപയാൽ ലഭിച്ചു. താമസിക്കാനുള്ള വീട്, ജോലി, കുട്ടികൾക്ക് അഡ്മിഷൻ, എല്ലാം. 1996 വരെ തിരുവല്ലയ്ക്ക് സമീപമുള്ള മുണ്ടിയപ്പള്ളിയിൽ താമസിച്ചു. ഇപ്പോൾ പെരുമ്പാവൂരിൽ താമസിക്കുന്നു.

1993 മാർച്ച്-ഏപ്രിൽ കാലത്ത് നാഗാലാന്റിൽ തെരഞ്ഞെടുപ്പ് നടന്നു. മന്ത്രിക്കു കോൺഗ്രസ്സ് ടിക്കറ്റ് ലഭിച്ചു. പക്ഷേ റിബർ സ്ഥാനാർത്ഥികളും രംഗത്തുവന്നു. വോട്ടെടുപ്പിനു രണ്ടു ദിവസം മുൻപ് ചിലർ തിയാമെരനെ തട്ടിക്കൊണ്ടുപോയി. വോട്ടിംഗ് കഴിഞ്ഞാണ് വിട്ടയച്ചത്. അദ്ദേഹത്തിന്റെ ഭാര്യ കുറച്ചധികം പണവുമായി (15 ലക്ഷമെന്നു പറയപ്പെടുന്നു) വോട്ടെടുപ്പിന്റെ തലേദിവസം നിയോജക മണ്ഡലത്തിലേക്ക് വരുന്ന വഴിയിൽ വെച്ച് നാഗാ ഒളിപ്പോരാളികളുടെ പിടിയിലകപ്പെട്ടു. കാറും പണവും അവർ കൊണ്ടുപോയി. അതുകൊണ്ട് പണം കൊടുത്ത് വോട്ടു വാങ്ങാൻ കഴിയാതെപോയി. തെരഞ്ഞെടുപ്പു ഫലവും തിയാമെരന് അനുകൂലമായില്ല. റിബൽ സ്ഥാനാർത്ഥി ജയിച്ചു. തിയാമെരന് രണ്ടായിരത്തിൽ താഴെ വോട്ടുകൾ മാത്രമാണ് ലഭിച്ചത്.

1993 നവംബറിൽ എനിക്ക് നാഗാലാന്റിൽ നിന്നും എന്റെ ഒരു സ്നേഹിതന്റെ കത്തു ലഭിച്ചു. നാഗാലാന്റ് വിട്ടത് നന്നായെന്ന് ആ കത്ത് തെളിയിച്ചു. എന്റെ കൈയ്യിൽ നിന്നും സ്കൂളിന്റെ ചാർജ്ജ് വാങ്ങിയത് റിച്ചാർഡ് എന്നൊരു മണിപ്പൂരിയായിരുന്നു. 2003 ഒക്ടോബറിൽ അദ്ദേഹത്തെ നാഗാ ഒളിപ്പോരാളികൾ പിടിച്ചുകൊണ്ടുപോയി. അവർ ആവശ്യപ്പെട്ട പണം അദ്ദേഹം കൊടുത്തില്ലെന്നതാണ് കാരണം എന്ന് പറയപ്പെടുന്നു. രണ്ടു ദിവസം കഴിഞ്ഞ് അദ്ദേഹത്തിന്റെ ശവശരീരം, തലയ്ക്കു വെടിയേറ്റ നിലയിൽ, വഴിയോരത്തുനിന്നും കണ്ടുകിട്ടി. എന്റെ തലയിൽ കയറേണ്ട വെടിയുണ്ടയാണ് അദ്ദേഹത്തിനു ലഭിച്ചത്. നാഗാലാന്റ് വിട്ടു പോകുവാൻ ദൈവാത്മാവ് കല്പിച്ചതെന്തിനെന്ന് എനിക്കു ബോദ്ധ്യമായി.

കേരളത്തിൽ എത്തിയ ശേഷം സുവിശേഷ പ്രവർത്തനം നടത്തുക, ദൈവവചനം പഠിപ്പിക്കുക എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനായിരുന്നു എന്റെ പദ്ധതി. പക്ഷേ സഭയിലെ ദുരുപദേശങ്ങൾ, ദുർന്നടപടികൾ എന്നിവ കണ്ടപ്പോൾ എനിക്ക് സഹിക്കാൻ കഴിഞ്ഞില്ല. ഇവയ്ക്കെതിരെ പോരാടിയില്ലെങ്കിൽ എട്ടും പൊട്ടും തിരിയാത്ത ആയിരങ്ങളെ സാത്താൻ വഞ്ചിക്കുമെന്ന് എനിക്കു ബോദ്ധ്യമായി. അങ്ങനെ ഞാൻ യുദ്ധക്കളത്തിലിറങ്ങി. പിന്നീട് എന്തു സംഭവിച്ചു? അത് അല്പം വിസ്തരിച്ചു പറയേണ്ട കഥയാണ്. അത് ഏറെ താമസിയാതെ വിശദമായി പറയാം.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ് 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3232356
മൊബൈൽ: 94474 14608

# ഇവനെ സൂക്ഷിക്കുക

“സുപ്രസിദ്ധ സുവിശേഷ പ്രസംഗകനും രോഗശാന്തി വരപ്രാപ്തനുമായ സുരേഷ് ബാബു” എന്നാണ് മിക്കവരും സുരേഷ് ബാബുവിനെ വിശേഷിപ്പിക്കുന്നത്. പക്ഷേ “കുപ്രസിദ്ധ കള്ളപ്രസംഗകനും വ്യാജ രോഗശാന്തിക്കാരനും” എന്നാണ് സുരേഷിനെ യഥാർത്ഥത്തിൽ വിശേഷിപ്പിക്കേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ വിഷയത്തേപ്പറ്റി ഡിഫെൻഡർ പലവട്ടം എഴുതിയിട്ടുണ്ടെങ്കിലും സുരേഷിനെ ദൈവദാസനായി പരിഗണിക്കുന്ന പമ്പര വിഡ്ഢികൾ ഏറെയുണ്ട്.

കാട്ടാക്കട സ്വദേശിയായ സുരേഷ് ബാബുവിന് ചെറുപ്പം മുതൽ മിത്തോമാനിയ എന്ന മാനസികരോഗമുണ്ട്. ഒരു മന:സാക്ഷിക്കുത്തുമില്ലാതെ പച്ചക്കള്ളം പറയുക എന്നത് ഇത്തരം രോഗികളുടെ സ്വഭാവമാണ്. വലിയ ആൾക്കാരുമായി ബന്ധമുണ്ടെന്നും അത്യുഗ്രൻ വീരകൃത്യങ്ങൾ ചെയ്തെന്നും ഒക്കെ സുഹൃത്തുക്കളോട് പറഞ്ഞ് സായൂജ്യമടയും. സുരേഷിന് ക്രിക്കറ്റിനോട് താല്പര്യമുണ്ടായിരുന്നതുകൊണ്ട് കപിൽ ദേവ്, രവി ശാസ്ത്രി തുടങ്ങിയ പ്രശസ്തരായ ക്രിക്കറ്റ് താരങ്ങളോടൊപ്പം ക്രിക്കറ്റ് കളിച്ചതായി പലരോടും പറയുക പതിവായിരുന്നു. പ്രായമായിട്ടും ഈ രോഗം മാറിയില്ല. നിരവധി കൺവെൻഷൻ സ്റ്റേജുകളിൽ സുരേഷ് ഇത്തരം കള്ളക്കഥകൾ പറഞ്ഞിട്ടുണ്ട്. നടക്കാത്ത രോഗശാന്തിയും അത്ഭുതവും ഒക്കെ നടന്നെന്നും പറയാറുണ്ട്. ഇത് മാനസിക രോഗമാണെന്ന് മനസ്സിലാക്കാത്തവർ സുരേഷിനെ അത്ഭുത പുരുഷനായി എഴുന്നെള്ളിച്ചു കൊണ്ടുനടക്കുന്നു.

നിംഫോമാനിയ എന്ന മാനസിക രോഗത്തിനും സുരേഷ് അടിമയാണ്. അനിയന്ത്രിതമായ ലൈംഗിക ജീവിതമാണ് ഈ രോഗത്തിന്റെ ലക്ഷണം. വ്യഭിചാരം ഒരു പാപമായി സുരേഷ് കണക്കാക്കുന്നില്ല. തരം കിട്ടുന്നിടത്തെല്ലാം സുരേഷ് വ്യഭിചരിക്കും.

മാതാപിതാക്കളേക്കുറിച്ച് സുരേഷ് പറയുന്നത് ഇങ്ങനെയാണ്: Bro. Suresh Babu is the first born of his family. His father was from a Hindu background and mother was a nominal Christian. സുരേഷിന്റെ പിതാവ് ഹിന്ദുവായിരുന്നു എന്നു പറയുന്നതിൽ വലിയ കഥയൊന്നുമില്ല. കാട്ടാക്കടയിലും പരിസരത്തും നിലനിൽക്കുന്ന സംസ്കാരം മനസ്സിലാക്കിയാൽ തീരുന്ന പ്രശ്നമേ ഇവിടെയുള്ളൂ. മിക്കവരേയും ഹിന്ദുവെന്നോ ക്രിസ്ത്യാനിയെന്നോ തരംപോലെ വിളിക്കാം. പള്ളിയിൽ അംഗത്വം ഉള്ളവർ അമ്പലത്തിലും പോകും. സുരേഷിന്റെ അമ്മ സി.എസ്.ഐ. പള്ളിയിൽ പോയിരുന്നു. പിതാവ് പള്ളിയിൽ പോയിരുന്നില്ല. അത്രതന്നെ. പിതാവ് ഗൾഫിൽ വെൽഡറായി ജോലി ചെയ്തിരുന്നതിനാൽ വീട്ടുകാര്യങ്ങൾ നടന്നുപോകാനുള്ള പണം ഉണ്ടായിരുന്നു.

ഇരുപതു വർഷം മുൻപ് പ്രീഡിഗ്രിക്ക് തോറ്റതോടെയാണ് സുരേഷ് സുവിശേഷ പ്രസംഗം ആരംഭിച്ചത്. പ്രസിദ്ധ സുവിശേഷകനായ അജിത് കുമാറിനോടൊപ്പം കറങ്ങി നടന്ന് സുവിശേഷപ്രസംഗത്തിന്റെ ടെക്നിക് സുരേഷ് വശമാക്കി. പ്രീഡിഗ്രി ജയിച്ചശേഷം എ.എം.ഐ.ഇക്ക് പഠിക്കാനായി കോയമ്പത്തൂരിലെത്തി. അവിടെയുള്ള ഒരു സ്ഥാപനത്തിൽ ചേർന്നെങ്കിലും ക്ലാസ്സിൽ കയറാതെ ഉഴപ്പി നടന്നു. കോയമ്പത്തൂരിലെ മത്തായി പാസ്റ്ററുമായി പരിചയത്തിലായ സുരേഷ് അദ്ദേഹത്തോടൊപ്പം താമസമാക്കി. അവിടെവച്ചാണ് സുരേഷ് സ്നാനം ഏറ്റത്. എ.എം.ഐ.ഇക്ക് പഠിക്കുന്നതിനേക്കാൾ മത്തായി പാസ്റ്ററുടെ മകളെ ചിലതെല്ലാം പഠിപ്പിക്കുന്നതിലാണ് സുരേഷിന് താല്പര്യം എന്ന് വ്യക്തമായതോടെ പ്രശ്നമായി. അങ്ങനെ സുരേഷ് കാട്ടാക്കടയിൽ തിരിച്ചെത്തി. കോയമ്പത്തൂരിലായിരുന്ന കാലത്ത് സുരേഷ് അത്യുഗ്രൻ പ്രസംഗവുമായി ഊരു ചുറ്റിയിരുന്നു. പ്രസിദ്ധരായ 16 ക്രിക്കറ്റ് താരങ്ങളോടൊപ്പം ക്രിക്കറ്റ് കളിച്ചതും മരിച്ചുപോയ അനുജനെ പ്രാർത്ഥിച്ച് ഉയിർപ്പിച്ചതും ഒട്ടേറെ അത്ഭുത രോഗശാന്തി നടത്തിയതും ഒക്കെയായിരുന്നു പ്രസംഗ വിഷയം. ഈ പ്രസംഗം നേരിൽ കേട്ട വ്യക്തി എന്ന നിലക്ക് നിരവധി കാര്യങ്ങൾ വസ്തുനിഷ്ഠമായി പറയാൻ കണ്ണൂരിലെ പാസ്റ്റർ ഡെന്നീസ് സ്ഫടികത്തിന് കഴിയും. സത്യം അറിയാൻ താല്പര്യമുള്ളവർക്ക് അദ്ദേഹവുമായി സംസാരിക്കാം. ഫോൺ: 98958 01830

ഏറെ താമസിയാതെ സുരേഷ് മദ്രാസിലെത്തി. കമ്പ്യൂട്ടർ പഠിക്കുകയായിരുന്നു ലക്ഷ്യം. അവിടെയും കള്ളപ്രസംഗം തുടർന്നു. അതിനിടയിൽ കോഴിക്കോട് മീൻമുട്ടി സ്വദേശിയായ മേഴ്സി എന്ന നേഴ്സുമായി പരിചയപ്പെട്ടു. ആ പരിചയം അവിഹിത ബന്ധത്തിന് വഴിവെച്ചു. അവർ ഒന്നിച്ച് കുറേക്കാലം താമസിച്ചു. ആ വകയിൽ “അബി” എന്നു പേരുള്ള ഒരു കുട്ടിയുമുണ്ട്. പക്ഷേ ഈ പ്രശ്നം സുരേഷിന്റെ അപ്പൻ അറിഞ്ഞതോടെ പ്രശ്നമായി. സുരേഷിന് പണം കൊടുക്കുന്നത് നിർത്തി. ആയിടയ്ക്ക് മേഴ്സിക്ക് സൗദിയിലേക്ക് പോകാൻ വിസ ലഭിച്ചു. കുട്ടിയെ ഒരു അനാഥാലയത്തിൽ ആക്കിയിട്ട് മേഴ്സി ജിദ്ദയിലേക്ക് പോയി. സുരേഷ് കാട്ടാക്കടയിൽ തിരിച്ചെത്തി. സൗദിയിൽ നിന്ന് മേഴ്സി പലവട്ടം സുരേഷിനെ വിളിച്ചു. പക്ഷേ സുരേഷ് ഫോൺ എടുത്തില്ല.



ഒടുവിൽ മേഴ്സി കണ്ണുനീരിൽ കുതിർന്ന ഒരു കത്ത് സുരേഷിന് എഴുതി. അത് ഏതാനും വർഷം മുൻപ് പൂർണ്ണരൂപത്തിൽ ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ. (ഏതാനും വർഷം കഴിഞ്ഞ് മേഴ്സിയെ പുല്ലാട് സ്വദേശിയായ ഒരാൾ വിവാഹം കഴിച്ചു. മേഴ്സി ഇപ്പോൾ ഖത്തറിൽ ജോലി ചെയ്യുന്നു. അബി അനാഥശാലയിൽ കഴിയുന്നു).

കാട്ടാക്കടയിൽ മടങ്ങിയെത്തിയശേഷം സുരേഷ് വ്യഭിചാരം പൂർവ്വാധികം ഭംഗിയായി തുടർന്നു. ഇന്ദിര എന്നൊരു പാട്ടുകാരിപ്പെണ്ണുമായി ലോഹ്യം കൂടി. ആ വകയിലും ഉണ്ടായി ഒരു കുട്ടി. ആ പെണ്ണും കുട്ടിയും കാട്ടാക്കടയിൽ ഉണ്ട്. ഇന്ദിരയെ കൂടാതെ നിരവധി പെൺകുട്ടികളുമായും സുരേഷിന് അക്കാലത്ത് ബന്ധമുണ്ടായിരുന്നു. ഇങ്ങനെ പാപത്തിൽ മുഴുകി ജീവിക്കുന്ന കാലത്താണ് സുരേഷ് അറിയപ്പെടുന്ന പ്രസംഗകനായത്. പ്രധാന പെന്തക്കോസ്ത് സഭകളുടെയെല്ലാം കൺവെൻഷനുകളിൽ സുരേഷ് മുഖ്യ പ്രസംഗകനായിരുന്നു.

സുരേഷിന്റെ വിവാഹവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ടായി. സുരേഷുമായുള്ള ബന്ധത്തിന്റെ നാറുന്ന കഥകളുമായി പല പെൺകുട്ടികളും രംഗത്തെത്തി. അതിൽ ഒരു പെണ്ണ് ഒരുകെട്ട് കത്തുകളുമായാണ് എത്തിയത്. പക്ഷേ അതൊക്കെ അവഗണിച്ച് സുരേഷ് മറ്റൊരു പെണ്ണിന്റെ കണവനായി.

ഇപ്പോൾ ലോകമെമ്പാടും അറിയപ്പെടുന്ന പ്രസംഗകനാണ് സുരേഷ് ബാബു. പക്ഷേ നുണപ്രസംഗവും വ്യഭിചാരവും പഴയപടി തുടരുന്നു. സുരേഷിന്റെ കള്ളത്തരങ്ങളേക്കുറിച്ച് ഡിഫെൻഡർ പലവട്ടം എഴുതിയിട്ടും വിവരംകെട്ട പെന്തക്കോസ്തുകാർക്ക് ബോധ്യം വന്നിട്ടില്ല. സുരേഷ് ദൈവദാസനാണെന്ന് തെറ്റിദ്ധരിച്ച് അനേകർ വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു ഉദാഹരണം:

ഏതാനും വർഷം മുൻപ് എറണാകുളത്തുള്ള ഒരു പാസ്റ്റർ സുരേഷിനെ ക്ഷണിച്ചുവരുത്തി യോഗം നടത്തി. പാസ്റ്ററുടെ പരിചയക്കാരനായ ഒരു വിശ്വാസിയായിരുന്നു സുരേഷിന് ഒരു ദിവസം അത്താഴം ഒരുക്കിയത്. അന്നു രാത്രി സുരേഷ് ഉറങ്ങിയതും ആ വിശ്വാസിയുടെ വീട്ടിലാണ്. എല്ലാം നന്നായി കലാശിച്ചു. പക്ഷേ ഈ വിശ്വാസിയുടെ മകൾ പിന്നീട് പറഞ്ഞ അനുഭവകഥ കേട്ട് വിശ്വാസി തരിച്ചിരുന്നു. രാത്രിയിൽ സുരേഷ് ഈ പെൺകുട്ടിയെ കടന്നുപിടിച്ചു. വളരെ ബുദ്ധിമുട്ടിയാണ് രക്ഷപ്പെട്ടത്. സംഭവം പുറത്തറിഞ്ഞാലുണ്ടാകുന്ന നാണക്കേടോർത്ത് ആ പെൺകുട്ടി സംഭവം രഹസ്യമാക്കിവെച്ചു. എങ്കിലും ചില മാസങ്ങൾക്കുശേഷം സംഭവം മാതാപിതാക്കളെ അറിയിച്ചു. ഉടൻതന്നെ ആ വിശ്വാസി സുരേഷിനെ വിളിച്ചുകൊണ്ടുവന്ന പാസ്റ്ററെ കണ്ട് വിവരം പറഞ്ഞു. പക്ഷേ ഉരൽ മദ്ദളത്തോട് സങ്കടം പറയുന്നതുപോലെയായിരുന്നു അത്. പാസ്റ്റർ സ്വന്തം അനുഭവം വിവരിച്ചു. ഒരു ദിവസം വൈകിട്ട് പാസ്റ്റർ അല്പം നേരത്തെതന്നെ യോഗത്തിന് പോയി. സന്ധ്യയായപ്പോൾ സുരേഷിനെയും കൂട്ടി യോഗത്തിന് പോകാനായി പാസ്റ്ററുടെ ഭാര്യ സുരേഷിന്റെ മുറിയിലെത്തി. ഒരു ശങ്കയും കൂടാതെ സുരേഷ് ആ സ്ത്രീയെ കടന്നുപിടിച്ചു. വളരെ ബുദ്ധിമുട്ടിയാണ് അവർ സുരേഷിന്റെ കൈയിൽ നിന്ന് രക്ഷപ്പെട്ടത്.

സുരേഷ് ചെന്നിടത്തെല്ലാം ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്കിലും സ്ഥലപരിമിതിമൂലം അവ വിവരിക്കുന്നില്ല. സാമ്പിളിന് ഇതു മതിയാകും.

കപട രോഗശാന്തി ശുശ്രൂഷയിലൂടെയാണ് സുരേഷ് പേരെടുത്തത്. രോഗികളുടെ പേരും രോഗവിവരവും ഒക്കെ വിളിച്ചുപറഞ്ഞ് പൊതുജനത്തെ കബളിപ്പിക്കുന്ന പരിപാടി ദിനകരനും മകനുമുണ്ട്. ഈ രീതി സുരേഷും അനുകരിച്ചു. അയ്യായിരമോ പതിനായിരമോ ആള് കൂടുന്നിടത്ത്, ഡേയ്സീ നിന്റെ വയറ്റിൽ വേദന ഇതാ ദൈവം സൗഖ്യമാക്കുന്നു, മറിയാമ്മേ, നിന്റെ തലവേദന ഇതാ മാറുന്നു എന്നൊക്കെ വിളിച്ചു പറയും. ഈ പറയുന്ന പേരുകളിൽ അതേ രോഗമുള്ളവർ ഉണ്ടായെന്നു വരാം. അവരിൽ ചിലരെങ്കിലും രോഗസൗഖ്യം ഉണ്ടായെന്ന് സാക്ഷ്യവും പറയും. ഇങ്ങനെയാണ് സുരേഷ് രോഗശാന്തി ശുശ്രൂഷകനായത്. രോഗശാന്തിയേക്കുറിച്ച് സുരേഷിന്റെ വെബ്സൈറ്റിൽ ഇപ്രകാരം പറയുന്നു: God is using Bro. Suresh Babu in an unique way to the transformation of life and families. The Word of God is coming forth with prophetic words talking to the broken heart and healing those who are sick. Mass healings are taking place in crusades and cripples are walking, cancers are disappearing and get deliverance from the mental problem.

പച്ചക്കള്ളമാണ് സുരേഷ് പറയുന്നത്. അത്ഭുതം എന്ന് തീർത്തു പറയാവുന്ന ഒരു സംഭവം പോലും സുരേഷിന്റെ കൺവെൻഷനിൽ നടന്നിട്ടില്ല. ഉണ്ടെങ്കിൽ പേരും അഡ്രസ്സും ഫോൺ നമ്പറും സഹിതം ഡിഫെൻഡർ ഓഫീസിൽ അറിയിക്കുക.

പെന്തക്കോസ്തിൽ കള്ളൻമാർക്കും വ്യഭിചാരികൾക്കും പഞ്ഞമില്ല. അവരിൽ പലരും അറിയപ്പെടുന്ന പ്രസംഗകരാണ്. ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ, സാമച്ചൻ തുടങ്ങിയവർ ഉദാഹരണം. ഈ കൂട്ടത്തിലുള്ള ഒരു പ്രമുഖനാണ് സുരേഷ് ബാബു. ഇദ്ദേഹത്തിന് ദൈവവുമായി ഒരു ബന്ധവുമില്ല. ബൈബിളിൽ നിന്ന് എന്തെങ്കിലുമൊക്കെ വാലും തലയുമില്ലാതെ പറയുകയും കുറെ രോഗികളുടെ പേരു വിളിക്കയും ചെയ്യുന്നതു കാണുമ്പോൾ ഇയാളെ വലിയ പ്രസംഗകനായി ജനം തെറ്റിദ്ധരിക്കുന്നു എന്നു മാത്രം.

സുരേഷ് ബാബുവിനേപ്പോലുള്ള തട്ടിപ്പുകാർക്കെതിരെ പ്രതികരിക്കാൻ കടപ്പെട്ട പെന്തക്കോസ്ത് പത്രങ്ങൾ നല്ലപിള്ള ചമയുന്നതുകൊണ്ട് ഇത്തരം കള്ളൻമാർക്ക് പെന്തക്കോസ്തിൽ നിർബ്ബാധം വിലസാൻ കഴിയുന്നു. സുരേഷിനെതിരെ ആദ്യമായി പ്രതികരിച്ച മരുപ്പച്ച ദൈവവാരികയുടെ ഓഫീസിൽ ഇപ്പോൾ സുരേഷിന്റെ വീഡിയോ സി.ഡി. വിൽക്കുന്നു. സുരേഷിനേപ്പോലുള്ളവർ നിർബ്ബാധം വിലസാൻ ഇതുതന്നെ കാരണം.

## എഞ്ചിനീയറുടെ ഇംഗ്ലീഷ് ബഹുകേമം

Torch of Truth was started by Bro. Suresh Babu, a renowned servant of God in the country of India. The Lord started using him mightily at a very young age. At the age of 17, at the end of his road, when he was about to commit suicide, the love and compassion of Jesus touched him. His life was transformed and he started giving testimonies about his salvation. From the age of 18 onwards, he started preaching the Word of God in small gatherings in southern India.

Bro. Suresh Babu is the first born of his family. His father was from a Hindu background and mother was a nominal Christian. The Word of God says in Acts 16:31, Believe on the Lord Jesus Christ, and you will be saved, you and your household . The whole family was touched by the Lord according to this promise. But you shall receive power when the Holy Spirit will come upon you; and you shall be witnesses to me in Jerusalem, and in all Judea and Samaria, and to the ends of the earth.

In the year 1990, after finishing his engineering, Bro. Suresh Babu recognized his calling and started ministry as an evangelist. He touched almost all the corners of south India, especially Kerala and Tamil Nadu. He is well accepted in all denominations like Pentecostals, Charismatic and churches like Church of South India. He is one of the usual preachers in the biggest conventions in various regions of the nation. Bro. Suresh Babu ministers in 19 states of India through crusades, seminars, youth camps and different training programs. He has touched more than 25 nations around the world including the high revival nations like Argentina, Uruguay and Brazil. He ministered in the biggest conference in Argentina organized by more than 1200 churches together. God also used him to minister in the biggest congregations and churches in Europe and South America. God is using him mightily through radio and television too. He ministered on a South American Television channel which is touching more than 52 nations around the world.

RNI No. 68089 / 97
2006 August 1

THE DEFENDER

REGISTERED
KL/ALY/0031/2006-08

# അച്ചൻകുഞ്ഞ് പറയുന്നത് ശരിയല്ല

ഇന്ത്യയെ സുവിശേഷവത്ക്കരിക്കാൻ ഇനിയും വിദേശ മിഷനറിമാർ വരേണ്ടതുണ്ടോ എന്ന വിഷയത്തേക്കുറിച്ച് അച്ചൻകുഞ്ഞ് ഇലന്തൂർ ജൂൺ 20 ലക്കം മരുപ്പച്ചയിൽ എഴുതിയ പത്രാധിപ ലേഖനമാണ് ഈ കുറിപ്പിന്റെ ആധാരം. പാഴ്വാക്കുകൾ പറഞ്ഞ്, വിവരംകെട്ട പെന്തക്കോസ്തുകാരെ ആവേശം കൊള്ളിക്കാനുള്ള ശ്രമമാണ് പതിവുപോലെ അച്ചൻകുഞ്ഞ് നടത്തുന്നത്. ഇന്ത്യയിലേക്ക് ഇനിയും മിഷനറിമാർ വരേണ്ടതുണ്ടോ എന്ന പ്രശ്നത്തിനാണ് മറുപടി പറയുന്നതെങ്കിലും അച്ചൻകുഞ്ഞ് തോമ്മാശ്ലീഹായിലാണ് തുടങ്ങുന്നത്.

ഇന്ത്യയിലെ, വിശേഷിച്ച് കേരളത്തിലെ ക്രിസ്ത്യാനികൾ മാർതോമ്മാ ക്രിസ്ത്യാനികളായിട്ടത്രേ അറിയപ്പെടുന്നത്. എ.ഡി. 52ൽ തോമാശ്ലീഹ ഇന്ത്യയിലെത്തിയെന്നും നമ്പൂതിരിമാരെ മാമോദീസാ മുക്കി ക്രിസ്ത്യാനികളാക്കിയെന്നുമാണ് ഐതിഹ്യം. ഈ യാത്രയ്ക്കിടയിൽ അദ്ദേഹം മലയാറ്റൂരിൽ എത്തിയെന്നും കഥയുണ്ട്. അതുമായി ബന്ധപ്പെട്ടാണ് ഇന്നും മലയാറ്റൂരിൽ തീർത്ഥാടനം നടത്തുന്നത്. പക്ഷേ, ഐതിഹ്യങ്ങൾ മാറ്റിവെച്ചാൽ ഈ കഥയിൽ ഒരു കഥയുമില്ല എന്നതാണ് വസ്തുത.

പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നിങ്ങനെ നാലു പ്രമുഖ നമ്പൂതിരി കുടുംബങ്ങളെ തോമാശ്ലീഹ മാമോദീസ മുക്കിയെന്നാണ് പറയപ്പെടുന്നത്. പക്ഷേ നമ്പൂതിരി എന്നൊരു ജാതി ഒന്നാം നൂറ്റാണ്ടിലെ കേരളത്തിൽ ഉണ്ടായിരുന്നു എന്ന് തെളിയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. എ.ഡി. എട്ടാം നൂറ്റാണ്ടിലാണ് കേരളത്തിൽ നമ്പൂതിരി സമുദായം രൂപംകൊണ്ടത്. അതിനു മുൻപുള്ള കാലത്ത് കേരളത്തിൽ ബുദ്ധമതമായിരുന്നു പ്രചാരത്തിൽ ഉണ്ടായിരുന്നത്. കൊടുങ്ങല്ലൂർ ഒരു പ്രധാന ബുദ്ധമത കേന്ദ്രവുമായിരുന്നു. എങ്കിലും ക്രിസ്ത്യാനികൾക്ക് ക്രിസ്തുവുമായുള്ള ബന്ധത്തേക്കാൾ നമ്പൂതിരിയുമായുള്ള ബന്ധം സ്ഥാപിക്കാനാണ് ആശ.

തോമാശ്ലീഹ കേരളത്തിൽ വന്നു എന്ന് തീർത്തു പറയാനുള്ള ധൈര്യം ഒരു ചരിത്ര പണ്ഡിതനും ഇതുവരെ ഉണ്ടായിട്ടില്ല. കാരണം, അങ്ങനെ പറയാനുള്ള തെളിവില്ല എന്നതുതന്നെ. ഒന്നാം നൂറ്റാണ്ടിൽ തന്നെ ക്രിസ്തുമതം കേരളത്തിൽ എത്തി എന്ന് ഭൂരിപക്ഷ ചരിത്രകാരൻമാരും സമ്മതിക്കുന്നു. അതുകൊണ്ട് ഒന്നാം നൂറ്റാണ്ടിൽത്തന്നെ സുവിശേഷവുമായി ആരോ കേരളത്തിൽ എത്തി എന്നതിന് സംശയമില്ല. ആരാണ് ആ വ്യക്തി? തോമാശ്ലീഹായാണോ? ആകാം. പക്ഷേ, സംശയാതീതമായി പറയാൻ തെളിവില്ല. എങ്കിലും അക്കാലത്ത് കേരളത്തിന് വിദേശ രാജ്യങ്ങളുമായുള്ള കച്ചവടബന്ധം പരിഗണിക്കുമ്പോൾ തോമാ ശ്ലീഹായോ മറ്റേതെങ്കിലും സുവിശേഷകനോ കേരളത്തിൽ എത്തുന്നത് അസംഭവ്യമല്ല.

കേരള സർക്കാരിന്റെ സാംസ്ക്കാരിക വകുപ്പ് പ്രസിദ്ധീകരിച്ച കേരളത്തിന്റ ഇന്നലെകൾ എന്ന പുസ്തകത്തിൽ ഗ്രന്ഥകർത്താവായ കെ.എൻ.ഗണേശ് ഇപ്രകാരം പറയുന്നു: "എ.ഡി.52-ൽ ക്രിസ്തു ശിഷ്യനായ തോമ കേരളത്തിൽ വന്നതായുള്ള കഥയിൽനിന്നു തന്നെ ക്രിസ്ത്യാനികളുടെ ചരിത്രമാരംഭിക്കുന്നു. തോമ കേരളത്തിൽ വന്നുവെന്നതിന് ഐതി ഹ്യമൊഴിച്ചാൽ വ്യക്തമായ തെളിവുകൾ ഇനിയും കിട്ടേണ്ടിയിരിക്കുന്നു. തോമ പേർഷ്യയും സിന്ധു നദീതടത്തിലെ ഗ്രീക്ക് രാഷ്ട്രവും സന്ദർശിച്ചതായി മാത്രമേ അക്കാലത്തെ രേഖകളിൽ പറയുന്നുള്ളു. പേർഷ്യയിൽ നിന്ന് തോമ കേരളത്തിൽ വന്നുവെന്നത് അഭ്യൂഹം മാത്രമാണ്. തോമ കേരളത്തിൽ വന്നിട്ടുണ്ടെങ്കിൽതന്നെ അദ്ദേഹം നടത്തിയതായി പറയുന്ന അത്ഭുതങ്ങളും സ്ഥാപിച്ചതായി പറയുന്ന ഏഴര പള്ളികളുടെ കഥയും വിശ്വസനീയമല്ല. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് സഭായോഗങ്ങളാണുണ്ടായിരുന്നത്. ഔപചാരിക ദേവാലയങ്ങൾ പിന്നീടാണ് ഉണ്ടായത്. ഏഴര പള്ളികൾ സ്ഥാപിക്കപ്പെട്ടിരുന്നെങ്കിൽ അത് പിന്നീടാകാനേ തരമുള്ളു". (P.241)

ഇതേപ്പറ്റി ശ്രീധരമേനോൻ ഇപ്രകാരം പറയുന്നു:

"The traditional account of the introduction of Christianity by St.Thomas, though highly fanciful, makes interesting reading." P.39.

"Thus it may be seen that the last word on the authenticity of the St.Thomas tradition is yet to be said". (P.42. Kerala History and its makers)

തോമാശ്ലീഹ കേരളത്തിൽ വന്നു എന്ന് ശ്രീധരമേനോനും പറയുന്നില്ല. ഈ പ്രശ്നത്തിൽ അവസാന വാക്ക് പറയാറായിട്ടില്ല എന്നത്രേ അദ്ദേഹവും പറയുന്നത്.

മറ്റൊരു ചരിത്ര പണ്ഡിതൻ പറയുന്നത് ഇതാണ്:

"The St.Thomas tradition has not been accepted by modern historians for want of evidence". (P.79. Dr.G. Krishnan Nadar. Historiography and History of Kerala).

തോമാശ്ലീഹായേപ്പറ്റി ബൈബിളിൽ പറയുന്ന കഥ പറഞ്ഞശേഷം എൻസൈക്ലോപീഡിയ ബ്രിട്ടിനിക്ക ഇപ്രകാരം പറയുന്നു:

"Thomas' subsequent history is uncertain".

ശ്രീ പി.കെ.ഗോപാലകൃഷ്ണൻ എഴുതിയ കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം എന്ന പുസ്തകത്തിലും തോമാശ്ലീഹ കേരളത്തിൽ വന്നു എന്ന് പറയുന്നില്ല. സി.അച്യുതമേനോൻ 1911ൽ എഴുതിയ കൊച്ചിൻ സ്റ്റേറ്റ് മനുവലും തോമാശ്ലീഹ കേരളത്തിൽ വന്നു എന്നതിന് തെളിവില്ല എന്നു പറയുന്നു. A History of Syrian Church in India എന്ന പുസ്തകത്തിലും ഇതുതന്നെയാണ് എഴുതിയിരിക്കുന്നത്. (F.E.Key, A History of the Syrian Church in India, S.P.C.K., Madras. 1951. P.13).

ഇന്ത്യയിലെ സഭ തോമാശ്ലീഹ സ്ഥാപിച്ചതാണ് എന്ന് വിശ്വസിക്കാൻ ആർക്കും സ്വാതന്ത്ര്യമുണ്ട്. പക്ഷേ, തെളിവുകൾ ലഭിക്കുന്നതുവരെ ഈ വിശ്വാസം ചരിത്രസത്യമായി അംഗീകരിക്കാനാവില്ല എന്നു മാത്രം. പക്ഷേ തോമാശ്ലീഹായുമായി ബന്ധപ്പെട്ട് പ്രചാരത്തിലുള്ള കഥ ചരിത്രസത്യമാണ് എന്ന വിധത്തിൽ അച്ചൻകുഞ്ഞ് പറയുന്നത് നല്ല ഉദ്ദേശ്യത്തോടെയല്ല. ഇന്നും വിദേശ മിഷനറിമാരെ ഇന്ത്യക്ക് ആവശ്യമുണ്ട് എന്നു സ്ഥാപിക്കാനാണ് അച്ചൻകുഞ്ഞ് കെട്ടുകഥ എഴുന്നെള്ളിക്കുന്നത്. തോമ്മാശ്ലീഹാ വന്നു എന്നത് ശരിയായാലും തെറ്റായാലും ഇന്ത്യയെ സുവിശേഷീകരിക്കാൻ ഇനിയും വിദേശികൾ വരേണ്ടതുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം.

ഇന്ത്യയിലേക്ക് വിദേശികൾ വരുന്നതിനെ ആരൊക്കെയോ എതിർക്കുന്നു എന്ന ഭാവത്തിലാണ് അച്ചൻകുഞ്ഞ് എഴുതിയിരിക്കുന്നത്. അച്ചൻകുഞ്ഞ് പറയുന്നു: ''ഏതെങ്കിലും ഒരു വിദേശി ഇവിടെ വന്നിറങ്ങുമ്പോൾ മുതൽ വിവാദങ്ങളും പ്രശ്നങ്ങളുമാണ്. എയർപോർട്ടു മുതൽ അയാൾ വേട്ടയാടപ്പെടുന്നു. മാദ്ധ്യമങ്ങളുടെ മാന്യമല്ലാത്ത പെരുമാറ്റങ്ങൾ വേറെ. കാര്യമറിയാതെയും കഥയറിയാതെയും അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നവരാണ് ഏറെയും''. ഇത്തരം ഒരു ഭീകരാന്തരീക്ഷം ഈ രാജ്യത്തുണ്ടോ? ഇല്ലെന്ന് വ്യക്തം. പച്ചക്കള്ളം പറഞ്ഞ് പെന്തക്കോസ്തുകാരെ ആവേശം കൊള്ളിക്കയാണ് ലേഖകൻ.

വിദേശ മിഷനറിമാർ കഴിഞ്ഞ കാലങ്ങളിൽ ചെയ്തിട്ടുള്ള നല്ലകാര്യങ്ങൾ അച്ചൻകുഞ്ഞ് എണ്ണിയെണ്ണി പറയുന്നുണ്ട്. ഇതൊന്നും വിശേഷിച്ച് പറയേണ്ടതില്ല. കാരണം അതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്. ആർക്കും അതൊന്നും നിഷേധിക്കാനാവില്ല. പക്ഷേ ഇനിയും വിദേശ മിഷനറിമാർ വരേണ്ടതുണ്ടോ എന്നതാണ് ചോദ്യം.

''ഇപ്പോൾ കേരളത്തിൽ താമസിച്ച് പ്രവർത്തിക്കുന്ന മിഷനറിമാർ വിരലിലെണ്ണാനേയുള്ളൂ. ആ തലമുറ ഇവിടെ അവസാനിക്കുന്നു. കൂടെക്കൂടെ എത്തുന്ന വിദേശ പ്രസംഗകരെപ്പറ്റിയാണ് പുതിയ വിവാദങ്ങൾ'', അച്ചൻകുഞ്ഞ് പറയുന്നു. തികച്ചും ശരിയായ പ്രസ്താവനയാണിത്. പണ്ട് മിഷനറിമാർ ഇവിടെ വന്ന്, സ്ഥിരമായി താമസിച്ച്, ഈ നാടിന് ഏറെ നൻമ ചെയ്തു. ഇന്ന് അത്തരക്കാരില്ല. ഇവിടെയെത്തി പ്രസംഗിച്ചിട്ട് പോകയാണ് ഇന്നത്തെ മിഷനറിമാർ ചെയ്യുന്നത്. അതിന്റെ ആവശ്യമുണ്ടോ എന്നാണ് പരിശോധിക്കേണ്ടത്.

പ്രസംഗിക്കാനായി ഇന്ത്യയിൽ എത്തുന്ന മിഷനറിമാർ ഇവിടെയുള്ള സഭകൾക്ക് സംഭാവനയൊന്നും ചെയ്യുന്നില്ല എന്ന് പറയുന്നത് ശരിയല്ല. ചിലർ സംഭാവന ചെയ്യുന്നു. ചിലർ സ്വന്തം ചെലവിൽ വന്നുപോകുന്നു. ചുരുക്കം ചിലർക്ക് വണ്ടിക്കൂലി കൊടുത്തുവിടുകയും ചെയ്യുന്നു. ഏതായാലും വിദേശികൾ ഇന്ത്യയിൽ വരുന്നതുകൊണ്ട് സഭകൾക്ക് കാര്യമായ സാമ്പത്തിക നേട്ടമൊന്നും ഉണ്ടാകുന്നില്ല എന്നത് ശരിയാണ്. പക്ഷേ മറ്റു ചിലർക്ക് വലിയ നേട്ടങ്ങൾ ഉണ്ടാകുന്നുമുണ്ട്. വിശദീകരിക്കാം.

വിദേശികൾ വരുന്നതുകൊണ്ട് സഭകൾക്ക് പ്രയോജനം ഉണ്ടാകുന്നില്ലെങ്കിലും ചില വ്യക്തികൾക്ക് പ്രയോജനം ഉണ്ടാകുന്നുണ്ട്. ചില ഉദാഹരണങ്ങൾ:

ഐ.പി.സിയുടെ കൺവെൻഷന് സാധാരണയായി വിദേശികളായ പ്രസംഗകരുണ്ടാകും. നാലഞ്ചു കൊല്ലം മുൻപ് ഒരു വിദേശിയെ ഐ.പി.സി. കൊണ്ടുവന്നിരുന്നു. ബാക്കിയുള്ള എല്ലാവരേയും വൽസനാണ് കൊണ്ടുവരുന്നത്. അവർ നല്ലൊരു തുക സംഭാവന കൊടുക്കുകയും ചെയ്യും. പക്ഷേ പണം കിട്ടുന്നത് വൽസന്റെ സ്വന്തം പ്രസ്ഥാനത്തിനാണ്. കഴിഞ്ഞകൊല്ലം ഒരു വിദേശി ഒരുലക്ഷം രൂപ ഐ.പി.സിക്ക് സംഭാവന ചെയ്യുന്നതായി പരസ്യപ്രസ്താവന ചെയ്തു. പക്ഷേ പണം എത്തിയത് വൽസന്റെ സ്വന്തം സംഘടനയുടെ അക്കൗണ്ടിലായിരുന്നു. ശാരോനിലെ ടി.പി.ഏബ്രഹാം ചെയ്യുന്നതും ഇതുതന്നെ. വിദേശികൾ എത്തിയാലുടൻ ശാരോൻ സഭയിലെ വിശ്വാസികളേയും പാസ്റ്റർമാരേയും വിളിച്ചു വരുത്തി ഉഗ്രൻ യോഗം നടത്തും. ഇവരെല്ലാ ടി.പിയുടെ സംഘടനയുടെ പ്രവർത്തകരാണെന്ന് ധരിച്ച് സായിപ്പ് നല്ലൊരു തുക ടി.പിക്ക് സംഭാവന ചെയ്യും. സംശയമുള്ളവർ ഐ.പി.സി., ശാരോൻ തുടങ്ങിയ പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾക്ക് ഓരോ വർഷവും എത്ര രൂപ വിദേശത്തുനിന്നും ലഭിക്കുന്നുണ്ട് എന്ന് പരിശോധിക്കുക. വളരെ ചെറിയ തുകകൾ മാത്രമേ ലഭിക്കുന്നുള്ളൂ. എന്നാൽ ഈ സംഘടനകളുടെ നേതാക്കൻമാരുടെ സ്വകാര്യ സംഘടനകൾക്ക് വൻതുക ഓരോ വർഷവും ലഭിക്കുന്നതായും കാണാം. ചുരുക്കത്തിൽ, വിദേശികളേക്കൊണ്ട് ആർക്കെങ്കിലും പ്രയോജനം വരുന്നുണ്ടെങ്കിൽ അത് പെന്തക്കോസ്തിലെ നേതാക്കൻമാർക്കു മാത്രമാണ്.

ഇനിയും വിദേശ മിഷനറിമാർ ഇന്ത്യയിലേക്ക് വരേണ്ടതുണ്ടോ എന്നതാണ് ചോദ്യം. എന്തിന് അവർ വരുന്നത്? സുവിശേഷം പ്രസംഗിക്കാനോ? ആണെങ്കിൽ അതിനായി ഇനി ഒരു വിദേശിയും ഇന്ത്യയിലേക്ക് വരേണ്ടതില്ല. കാരണം, ഇന്ത്യയിൽ ഉള്ള സുവിശേഷകർക്ക് ഏതു വിദേശിയേക്കാളും നന്നായും ഫലപ്രദമായും സുവിശേഷം പ്രസംഗിക്കാനുള്ള അറിവും കഴിവും ഇന്നുണ്ട്. വിദേശികൾ അത്ഭുത രോഗശാന്തിയും മറ്റും നടത്തുന്നു എന്നാണ് വാദമെങ്കിൽ അത് ശുദ്ധ ഭോഷ്ക്കാണ്. അത്ഭുതം എന്ന് സംശയാതീകമായി പറയാവുന്ന ഒന്നും അടുത്ത കാലത്ത് ഒരു വിദേശ മിഷനറിയും ഇന്ത്യയിൽ നടത്തിയിട്ടില്ല. അഥവാ നടത്തി എന്ന് വാദിക്കുന്നവർ വിശദ വിവരം ദയവായി അറിയിക്കുക. നൂറു കണക്കിന് അത്ഭുതം നടന്നു എന്നും മറ്റും പറഞ്ഞ് വിരട്ടരുത്.

യോംഗിചോ വന്നു. മൂന്നുലക്ഷം രൂപ വണ്ടിക്കൂലി കൊടുത്തു. ആകെ 25 ലക്ഷം രൂപ ചെലവായി. എന്നിട്ട് എന്തുനേടി? എത്രപേർ രക്ഷിക്കപ്പെട്ടു? എത്ര അത്ഭുതങ്ങൾ നടന്നു? ശതാബ്ദി സമ്മേളനം നടത്തി. ഹോസ്മയും വെഷപ്പും ഒക്കെ വന്ന് പ്രസംഗിച്ചു. എന്തു ഫലമുണ്ടായി? കുറേപ്പേർക്ക് സ്റ്റേജിൽ കയറി ഷൈൻ ചെയ്യാൻ കഴിഞ്ഞു. ആകെക്കൂടി ഒരു ഓളമുണ്ടാക്കി. എന്തൊക്കെയോ നടന്നു എന്നൊരു തോന്നലുണ്ടാക്കി. അതിൽ അധികമായി ഒന്നും ഈ കോലാഹലങ്ങൾ കൊണ്ട് നേടിയില്ല. അതുകൊണ്ട് പറയട്ടെ: ഇന്ത്യയിൽ സുവിശേഷം പ്രസംഗിക്കാനായി ഇനി വിദേശ മിഷനറിമാർ വരേണ്ടതില്ല. കൂട്ടായ്മാബന്ധത്തിന്റെ പേരിലാണ് വരുന്നതെങ്കിൽ വരട്ടെ. കൂട്ടായ്മ ആചരിച്ചിട്ട് മടങ്ങട്ടെ. ഇന്ത്യയിലെ സാധുക്കളെ സഹായിക്കാൻ താല്പര്യമുള്ളവർ അതും ചെയ്യട്ടെ.

# സാമച്ചൻ എത്ര മഹാനെന്നു നോക്കുവിൻ

**Rev. Thomas Cheriyan (Samachan)**

Rev. Thomas Cheriyan is a well known prophet. Our Lord uses Pastor Samachan to reveal God's messages to esteemed dignitaries such as the president of Sri Lanka, The ruling Sheik of U.A.E., Chief minister and many political leaders of India. His accuracy in the prophetic word and direction from the Lord is truly something special.

സാമച്ചൻ എന്ന പേരിൽ അറിയപ്പെടുന്ന തോമസ് ചെറിയാൻ കുറഞ്ഞ പുള്ളിയൊന്നുമല്ല. പറയുന്നത് അമേരിക്കയിലുള്ള അസംബ്ലീസ് ഓഫ് ഗോഡ് സഭക്കാരാണ്. അതുകൊണ്ട് ചോദ്യം ചെയ്യാതെ വിശ്വസിക്കാം. ജൂലൈ 27-30 തീയതികളിൽ നടന്ന കൺവെൻഷനിലെ പ്രസംഗകരെ പരിചയപ്പെടുത്തുന്ന വെബ്സൈറ്റിലാണ് സാമച്ചന്റെ മഹത്വം വാഴ്ത്തിപ്പാടുന്നത്. സംശയമുള്ളവർ www.agifna.org/speakers.html എന്ന ലിങ്ക് നോക്കുക.

സാമച്ചന്റെ ഗുണഗണങ്ങൾ എന്തൊക്കെ? ഇദ്ദേഹം അറിയപ്പെടുന്ന പ്രവാചകനാണത്രേ. ശ്രീലങ്കൻ പ്രസിഡന്റ്, യു.എ.യി. ഷേക്ക്, മുഖ്യമന്ത്രി, മറ്റ് രാഷ്ട്രീയ നേതാക്കൻമാർ എന്നിവരോട് ദൈവത്തിന്റെ അരുളാപ്പാടറിയിക്കുന്ന ആളാണ് സാമച്ചൻ. ഇദ്ദേഹത്തിന്റെ പ്രവചനങ്ങൾ അച്ചട്ടാണ്. ഇങ്ങനെ പോകുന്നു മഹത്വവർണ്ണന. ഈ തട്ടിവിട്ടിരിക്കുന്നതൊക്കെ ശരിയാണോ എന്ന് അന്വേഷിക്കാൻ ആരും ശ്രമിച്ചതുമില്ല.

യഥാർത്ഥ സാമച്ചനെ ഡിഫെൻഡറിനറിയാം. ഒന്നാംതരം ഒരു കള്ളപ്രവാചകനാണിയാൾ. ആരേയും വിശ്വസിപ്പിക്കത്തക്കവിധം കള്ളം പറയാനുള്ള കഴിവാണ് ഇയാളുടെ കൈമുതൽ. വ്യഭിചാരം ഉപതൊഴിൽ. പ്രവചനവുമായി ലോകം ചുറ്റുന്ന സാമച്ചന് വ്യഭിചരിക്കാൻ ഏറെ അവസരങ്ങൾ ലഭിക്കാറുമുണ്ട്. സാമച്ചന് താമസിക്കാൻ വീട്ടിൽ ഇടം കൊടുത്തിട്ടുള്ളവരെല്ലാം അതിന്റെ ഫലം അനുഭവിച്ചിട്ടുമുണ്ട്.

പ്രവചനത്തിന്റെ മറവിൽ ഏതു കള്ളനും പെന്തക്കോസ്തിൽ വിലസാം എന്നതിന്റെ മകുടോദാഹരണമാണ് സാമച്ചൻ. മന്ത്രിയേയോ രാഷ്ട്രീയ നേതാവിനേയോ കണ്ട് ബൈബിൾ കൊടുക്കാനോ അല്പം ദൈവകാര്യം പറയാനോ ആർക്കും കഴിയും. ദൈവം പറഞ്ഞതാണ് എന്നു പറഞ്ഞ് കുറെ കാര്യം പറയാനും ബുദ്ധിമുട്ടില്ല. ചിലതൊക്കെ ഒത്തുവന്നെന്നും വരാം. ഇതിൽ കവിഞ്ഞ ഒരു അത്ഭുതവും സാമച്ചൻ ചെയ്യുന്നില്ല. ഇയാൾക്ക് ദൈവവുമായി ഒരു ബന്ധവുമില്ല.

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan